


# അസ്വസ്ഥതകൾ പേറുന്ന വർത്തമാനം

തയ്യാറാക്കിയത്:
**കമറുദ്ധീൻ പരപ്പിൽ**
രണ്ടാം വർഷ മലയാളം

**അഭിമാനിക്കാവുന്ന** ഒരു മഹത്തായ പാരമ്പര്യവും മാതൃകയാക്കാവുന്ന ഒരു ഉത്തമ സംസ്കാരവും സ്നേഹിക്കാൻ മാത്രം പഠിപ്പിക്കുന്ന ഒരുപാടു മതങ്ങളും പ്രശംസനീയമായ ഒത്തിരി ആദർശങ്ങളും ഇവിടെയുണ്ട്. എന്നിട്ടും നമ്മൾ കേരളീയരായ യുവാക്കളാണെന്നു വിശ്വസിക്കാനാവുന്നില്ല. ദിവസം തോറും അനുകരണ പ്രക്രിയയിലൂടെ നമ്മിൽ നിന്നും നമ്മുടെ സ്വത്വം നഷ്ടമായിക്കൊണ്ടിരിക്കുന്നു. **നമ്മൾ കേരളീയർക്കിതെന്തു പറ്റി?**

അഭിമാനിക്കാവുന്ന ഒരു മഹത്തായ പാരമ്പര്യവും മാതൃകയാക്കാവുന്ന ഒരു ഉത്തമ സംസ്കാരവും സ്നേഹിക്കാൻ മാത്രം പഠിപ്പിക്കുന്ന ഒരുപാടു മതങ്ങളും പ്രശംസനീയമായ ഒത്തിരി ആദർശങ്ങളും ഇവിടെയുണ്ട്. എന്നിട്ടും നമ്മൾ കേരളീയരായ യുവാക്കളാണെന്നു വിശ്വസിക്കാനാവുന്നില്ല. ദിവസം തോറും അനുകരണ പ്രക്രിയയിലൂടെ നമ്മിൽ നിന്നും നമ്മുടെ സ്വത്വം നഷ്ടമായിക്കൊണ്ടിരിക്കുന്നു. നമ്മൾ കേരളീയർക്കിതെന്തു പറ്റി?



തീർത്തും അസ്വസ്ഥപൂർണ്ണമായ ജീവിതമാണ് ഇന്നത്തെ യുവാക്കൾക്ക് നയിക്കേണ്ടിവരുന്നത്. പ്രസന്ന മുഖത്തോടെ കാണപ്പെടുന്നുവെങ്കിലും വരാനിരിക്കുന്ന ഏതോ ദുരന്തത്തിന്റെ കരിനിഴലുകൾ അവരുടെ മുഖങ്ങളിൽ കണ്ടെത്താൻ കഴിയുന്നു.

മാറ്റം ഇന്നത്തെ തലമുറയുടെ മുദ്രയായിരിക്കുന്നു. ഒരു പുതിയ കണ്ടുപിടുത്തമോ പഴയ നിയമങ്ങളുടെ നിരാസമോ നിരാകരണമോ ഇല്ലാതെ ഒരു നിമിഷം പിറക്കുക എന്നത് അചിന്തിതമായി മാറിയിരിക്കുന്നു. ഇത്തരം മാറ്റങ്ങൾ യാദൃശ്ചികമെന്നോണം സംഭവിച്ചു പോകുന്നതാകാം. പുതുമയിലേക്ക് പറന്നുപോകാനുള്ള മനസിന്റെ മിടുക്കും പഴമയുടെ വിരസതയിൽ നിന്നും മോചനം നേടാനുള്ള ചിന്തയുടെ കഴിവുമാണ് ഈ മാറ്റത്തിനു പിന്നിൽ. പുതുമയെന്നു വിശേഷിപ്പിച്ചു നാം വാരിപ്പുണരുന്നതെല്ലാം നമ്മെ നാമല്ലാതാക്കിത്തീർക്കുന്നുവോ? പഴയതെന്നു പുച്ഛിച്ചു നാം തട്ടിയകറ്റിയതെല്ലാം നമ്മെ നാമാക്കിത്തീർത്തിരിക്കുന്നുവോ? ഇന്നത്തെ കേരള സംസ്കാരത്തെ പുനർനിർവചിക്കാനും കേരളീയനായ യുവാവിനെ തിരിച്ചറിയാനും വിലയിരുത്താനും നാം നിർബന്ധിതരായിത്തീർന്നിരിക്കുന്നു.

സമകാലിക സ്പന്ദനങ്ങളെ ഒരിക്കലെങ്കിലും സ്പർശിച്ചറിയാത്ത പഠനങ്ങളുടെയും അനുബന്ധമായ പരിശീലനങ്ങളുടെയും മാത്രമായ ഒരു ലോകത്താണ് ഇന്നത്തെ യുവത്വം വളരുന്നത്. ഗ്രീൻഹൗസിൽ പരിരക്ഷിക്കപ്പെടുന്ന ഹൈബ്രിഡ് സസ്യങ്ങൾ കണക്ക് യാതാർഥ്യബോധമില്ലാതെ വളർന്നു വരുന്നതിനാൽ വേണ്ട വിധം സമൂഹത്തെയോ സമൂഹത്തിലെ വിരുദ്ധശക്തികളെയോ തിരിച്ചറിയാനോ അവസരോചിതം പ്രതികരിക്കാനോ ഇന്നത്തെ യുവാക്കൾക്ക് കഴിയാതെ വരുന്നു.

നമ്മുടെ യുവത്വത്തെ സർവ്വവിമർശനങ്ങളും ശാപങ്ങളും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട് അഗാധ ഗർത്തത്തിലേക്ക് തള്ളിവിട്ടതിനു പിന്നിൽ ഒത്തിരി കരങ്ങൾക്കു പങ്കുണ്ട്. തീർത്തും അസ്വസ്ഥപൂർണ്ണമായ ജീവിതമാണ് ഇന്നത്തെ യുവാക്കൾക്ക് നയിക്കേണ്ടിവരുന്നത്. പ്രസന്ന മുഖത്തോടെ കാണപ്പെടുന്നുവെങ്കിലും വരാനിരിക്കുന്ന ഏതോ ദുരന്തത്തിന്റെ കരിനിഴലുകൾ അവരുടെ മുഖങ്ങളിൽ കണ്ടെത്താൻ കഴിയുന്നു.

തങ്ങൾ ഇങ്ങനെയൊക്കെ എങ്ങനെയോ ആയിപ്പോയതാണെന്ന തിരിച്ചറിവും ഇക്കാലത്ത് ഇങ്ങനെയൊക്കെയല്ലാതെ പിന്നെയെങ്ങനെയൊക്കെയാണ് എന്ന തർക്കവും ഇവർക്കുണ്ട്. ഈ നാടും നാട്ടാരും ഇനി സാക്ഷാൽ പടച്ചവൻ വിചാരിച്ചാലും നന്നാവില്ലെന്ന് ഇവർ വിധിക്കുന്നു. ആധുനികതയ്ക്കും ആധുനികോത്തരതയ്ക്കും ശേഷം നമ്മുടെ ലോകം എത്തിചേർന്നിരിക്കുന്ന, ഒരേസമയം തന്നെ ആഗോളിവത്ക്കരിക്കപ്പെട്ടതും ചതുരവത്ക്കരിക്കപ്പെട്ടതുമായ സാഹചര്യങ്ങൾ നമ്മുടെ യുവജനങ്ങളെ നിഷക്രിയരും ജീവിതത്തോടുതന്നെ വിരക്തിയുള്ളവരുമാക്കി തീർത്തിരിക്കുന്നു.


**യുവജനങ്ങളെ അരക്ഷിതാവസ്ഥയുടെ നീർക്കയത്തിലേക്ക് തള്ളിവിട്ടതിന് പ്രധാന കാരണം** ഇന്നത്തെ വിദ്യാഭ്യാസ രംഗത്തെ അലക്ഷ്യബോധവും ഉത്തരാവാദിത്വരാഹിത്യവുമാണ്. ഒരു തരം വിദ്യാഭ്യാസ വിഭ്രമം (Education Mania) എന്ന സാമൂഹ്യരോഗത്തിന്റെ പിടിയലകപ്പെട്ടിരിക്കുന്നു ഇന്നത്തെ ആബാലവൃദ്ധം ജനങ്ങൾ. പഠനത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ രക്ഷിതാക്കൾ തയ്യാറാവുന്നു. എത്ര സമയവും എത്ര പണവും 'മക്കളെ'ന്നു വിളിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസ ചെലവിന്നായി നീക്കിവെക്കാൻ ഒരു രക്ഷിതാവിനും തെല്ലും മടിയില്ല. സ്വന്തം വിഷമങ്ങളും പ്രശ്നങ്ങളും

മറച്ചു വെച്ചായാലും ശരി മക്കൾ ആവശ്യപ്പെടുന്ന പണം കഴിയുന്നത്ര വേഗത്തിൽ രക്ഷിതാക്കൾ ഒപ്പിച്ച് കൊടുക്കുന്നു. തന്റെ കുട്ടിയും മറ്റാരെക്കാളും ഒന്നിലും താഴെയായിരിക്കരുതെന്ന് ആഗ്രഹിക്കുന്ന രക്ഷിതാക്കൾ പരീക്ഷയിൽ കുട്ടി നേടുന്ന മാർക്കുകളിൽ പോലുമല്ല സംതൃപ്തി അനുഭവിക്കുന്നത്. മറ്റു രക്ഷിതാക്കളെ തന്റെ മകന് കിട്ടിയ മാർക്ക് കാണിച്ചു കൊടുത്ത് അസൂയപ്പെടുത്തുന്നതിലാണ് അവരുടെ സംതൃപ്തി. കുട്ടിക്ക് നൂറിൽ ഒരു മാർക്ക് കുറഞ്ഞാൽ ആ കുട്ടിയേക്കാൾ അതിന്റെ നാണക്കേടും വേദനയും അനുഭവിക്കുന്നത് രക്ഷിതാക്കളാണ്. ഇത് മൂലം വിദ്യാർത്ഥികളും അവരേക്കാൾ കൂടുതൽ രക്ഷിതാക്കളും അകാരണമായ മാനസിക പ്രയാസം അനുഭവിക്കുന്നു.


മൂന്നു മൂന്നര വയസ്സുമുതൽ രക്ഷിതാക്കളാൽ കുത്തിനിറക്കപ്പെട്ട പ്രതീക്ഷയുടെ ഭാണ്ഡവും പേറി ഇരുപത്തിമൂന്ന് ഇരുപത്തഞ്ചു വയസ്സു വരെ വിദ്യാർത്ഥികൾ പഠനദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. വീട്ടിൽ നിന്നും ക്ലാസിലേക്കും അവിടന്നു തിരിച്ചും സഞ്ചരിക്കുന്ന ഈ 'ബ്രോയിലർ' വിദ്യാർത്ഥികളുടെ ഇടവേളകൾ പോലും രക്ഷിതാവിന്റെ അഭിമാനബോധത്താൽ കവർന്നെടുക്കപ്പെട്ടിരിക്കുന്നു; ഹോംട്യൂഷൻ, ഡാൻസ് ക്ലാസ്, മ്യൂസിക് ക്ലാസ്, എന്നീ സെക്ഷനുകളിലായി. പുറം ലോകത്തെ ജീവിയുമായും യാതൊരു വിധ ബന്ധവുമില്ലാതെ ക്ലാസ് മുറിയുടെ നാലു ചുമരുകൾക്കുള്ളിലിരുന്ന് ഇന്റേണൽ മാർക്കിനെ ഭയന്ന് ഇരുചട്ടകൾക്കുള്ളിലെ അക്ഷരങ്ങൾ മാത്രം മനഃപാഠമാക്കി പരീക്ഷയാവുമ്പോൾ "തത്തമ്മേ പൂച്ച! പൂച്ച!" എന്നു ചർദ്ദിച്ച് റാങ്കും ഗ്രേഡും വാങ്ങാനുള്ളതാണ് വിദ്യാഭ്യാസം എന്ന് ഇന്നലെ വരെ വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ പുസ്തകത്തിൽ പറയുന്നത് മാത്രം മനഃപാഠമാക്കലല്ല വിദ്യാഭ്യാസം എന്ന തിരിച്ചറിവ് വൈകിയാണെങ്കിലും വിദ്യാഭ്യാസ വിചക്ഷണരിലും രക്ഷിതാക്കളിലും അദ്ധ്യാപകരിലും ഉദിച്ചപ്പോൾ ആ ബോധവും അതിനെ തുടർന്നു വന്ന വിദ്യാഭ്യാസ പരിഷ്കാരവും വിദ്യാർത്ഥികൾക്ക് കൂനിൻമേൽ കുരുപോലെ ബുദ്ധിമുട്ടായിത്തീർന്നിരിക്കയാണ്. പ്രാക്ടിക്കലും പ്രൊജക്ടുകളും കലാകായിക പരിശീലനങ്ങളും പക്ഷേ വിദ്യാർത്ഥികളിൽ 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന അവസ്ഥ പ്രദാനം ചെയ്തിരിക്കുന്നു. യു. ജി.സി കിട്ടിയാലും ജോലി കിട്ടില്ലെന്ന യാതാർത്ഥ്യം പഠിക്കുന്നവരെയും പഠിപ്പിക്കുന്നവരെയും ഒരു പോലെ തളർത്തുന്നു. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മത്സരങ്ങൾക്കോ പ്രബന്ധരചനാ മത്സരങ്ങൾക്കോ നൽകുന്ന കേവല വിഷയങ്ങൾ മാത്രമായി പരിണമിച്ചിരിക്കുകയാണ്. പഠിച്ചു പഠിച്ച് ഡോക്ടറോ എഞ്ചിനീയറോ മാത്രമാകുന്നത് സ്വപ്നം കണ്ടിരിക്കുകയാണ് ഇന്നത്തെ വിദ്യാർത്ഥികൾ. നാടിന്റെ നിലനിൽപ്പിന് ഡോക്ടറും എഞ്ചിനീയറും മാത്രം മതിയോ എന്ന് എന്തേ ആരും ചിന്തിക്കുന്നില്ല?

വിദ്യാഭ്യാസം യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നത്, ഹോമോസാപ്പിയൻസ് എന്ന ഭൗതികജീവിയെ പെരുമാറ്റത്തിലും, ചെയ്തികളിലും, ധാർമ്മിക മൂല്യങ്ങളിലും, ഉദ്ദേശ്യലക്ഷ്യങ്ങളിലും അവന്റെ വ്യക്തിത്വത്തിന് അനുയോജ്യമായ രീതിയിൽ പരിവർത്തനം ചെയ്യുമ്പോളാണല്ലോ. 'മനുഷ്യന്റെയും

മൂന്നു മൂന്നര വയസ്സുമുതൽ രക്ഷിതാക്കളാൽ **കുത്തിനിറക്കപ്പെട്ട** പ്രതീക്ഷയുടെ ഭാണ്ഡവും പേറി ഇരുപത്തിമൂന്ന് ഇരുപത്തഞ്ചു വയസ്സു വരെ **വിദ്യാർത്ഥികൾ** പഠനദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു.



**പാഠമുൾക്കൊള്ളാൻ പര്യാപ്തമല്ലാത്ത ചരിത്ര പഠനവും പ്രകൃതിയേയും ജീവജാലങ്ങളേയും ചൂഷണം ചെയ്യാൻ മാത്രം പഠിപ്പിക്കുന്ന ശാസ്ത്രവും, പഠിച്ചവരെ തെറിവിളിക്കാൻ മാത്രം കഴിവു നൽകിയ ഭാഷാപഠനവുമാണ് ഇന്നു നമ്മുടെ വിദ്യാഭ്യാസത്തിനുള്ള സിലബസ്.**



കുട്ടിയുടെയും ഉള്ളിലെ നൈസർഗ്ഗികമായ നന്മയെ പുറത്ത് കൊണ്ട് വരുന്നതാണ് വിദ്യാഭ്യാസമെ'ന്ന് ഗാന്ധിജി സ്വപനം കണ്ടത് പക്ഷേ തലകീഴായി സംഭവിച്ചിരിക്കുന്നു. മനുഷ്യന്റെ ഉള്ളിലെ നൈസർഗ്ഗികമായ തിന്മകളെയും ക്രൂരതകളെയും പുറത്തെത്തിക്കാൻ പര്യാപ്തമാണ് ഇന്നത്തെ വിദ്യാഭ്യാസ ക്രമം. "The greatest task of education is not merely to collect facts, to know men and make oneself know to man" എന്ന ടാഗോറിയൻ ചിന്തകൾക്ക് എന്തു മാത്രം അർത്ഥവ്യത്യാസം വന്നിരിക്കുന്നുവെന്ന് അഭ്യാസ്ഥവിദ്യരായ യുവാക്കളുടെ ജീവിതം നമുക്ക് പറഞ്ഞു തരുന്നു. ഉന്നത വിദ്യാഭ്യാസവും ആധുനിക പരിഷ്കാരവും നേടിയെടുത്തവരേക്കാൾ എത്ര മാത്രം കരുണയോടെയും സഹാനുഭൂതിയോടെയും സദാചാരബോധത്തോടെയുമാണ് വളരെ കുറച്ചു മാത്രം വിദ്യാഭ്യാമുള്ളവരോ തീരെ വിദ്യാഭ്യാസമില്ലാത്തവരോ പെരുമാറുന്നത് എന്ന് നാം അത്ഭുതപ്പെടുന്നു.

എത്ര പ്രയത്നിച്ചാലും പിഴുതുകളയാനാവാത്ത വിധം പാശ്ചാത്യ സംസ്കാരത്തിന്റെ വിത്തുപാകി വളർത്തി ഫലസമൃദ്ധിയിൽ എത്തിച്ച ശേഷമാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടത്. ജനകീയാടിത്തറയുള്ള ജാതി- മതാതീതമായ നിരപേക്ഷ കേരളീയ സംസ്കാരികത്തനിമ ദുർബലമായത് പ്രധാനമായും ഇക്കാരണത്താലാണ്. 'രൂപത്തിൽ ഭാരതീയനും സ്വഭാവത്തിലും പെരുമാറ്റത്തിലും വീക്ഷണത്തിലും പാശ്ചാത്യമായ മനുഷ്യനെ വാർത്തെടുക്കുക' എന്ന മെക്കാളയുടെ വിദ്യാഭ്യാസനയം തന്നെയാണ് ഇന്നു നാം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാഠമുൾക്കൊള്ളാൻ പര്യാപ്തമല്ലാത്ത ചരിത്രപഠനവും പ്രകൃതിയേയും ജീവജാലങ്ങളേയും ചൂഷണം ചെയ്യാൻ മാത്രം പഠിപ്പിക്കുന്ന ശാസ്ത്രവും, പഠിച്ചവരെ തെറിവിളിക്കാൻ മാത്രം കഴിവു നൽകിയ ഭാഷാപഠനവുമാണ് ഇന്നു നമ്മുടെ വിദ്യാഭ്യാസത്തിനുള്ള സിലബസ്. വിദ്യാഭ്യാസത്തിന്റെ സ്വഭാവവും രൂപവും ഏറെ വികൃതമായിത്തീർന്നിരിക്കുകയാണ്. ഇതിന്റെ അനന്തരഫലം അനുഭവിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ് വിദ്യാർത്ഥികൾ. പശു, പട്ടി, പാമ്പ്, തുടങ്ങി മൃഗങ്ങളെ വേദനിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ, വഴിമുടക്കുകയോ ചെയ്താൽ കേസെടുക്കുന്ന നമ്മുടെ നാട്ടിൽ ദുരിതം പേറുന്ന വിദ്യാർത്ഥികളുടെ നടുനിവർത്താൻ പോന്ന നിയമങ്ങളും മറ്റും ഇല്ലത്രെ!

വിദ്യാഭ്യാസമേഖലയിൽ നിന്നും സർക്കാരുകൾ പിൻവാങ്ങികൊണ്ടിരിക്കുന്ന കാഴ്ചയാണ് കണ്ടു കൊണ്ടിരിക്കുന്നത്. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന ചൊല്ല് എങ്ങനെ വായിച്ചാലും കേരളത്തെ സംബന്ധിച്ചിടത്തോളം സത്യം തന്നെയായിത്തീർന്നിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നവർ അത് എങ്ങനെ ഏതു വിധത്തിൽ സംവിധാനം ചെയ്താലാണ് കൂടുതൽ ലാഭകരമാകുക എന്നു ചിന്തിക്കുന്നു. കൂടുതൽ ആധായകരമായി പണം നിക്ഷേപിച്ച് തുടങ്ങാവുന്ന വ്യവസായമേഖലയായി വിദ്യാഭ്യാസരംഗം മാറിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന്നു പകരം വിദ്യ വിൽക്കപ്പെടുകയാണ് ഇന്ന്. തന്മൂലം പാവപ്പെട്ടവനുമാത്രമല്ല ഇടത്തരം കുടുംബത്തിലെ വിദ്യാർത്ഥിക്കു പോലും ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. പണമുണ്ടെങ്കിൽ മാത്രം ഏതു മന്ദബുദ്ധിക്കും ഡോക്ടറും എഞ്ചിനീയറുമാവാമെന്ന അവസ്ഥ സംജാതമായിരിക്കുന്നു. ബുദ്ധിയും കഴിവുമുള്ള യുവാക്കൾ നിത്യവൃത്തിക്കുള്ള പണത്തിനു വേണ്ടി ഏതു ഹീനമാർഗ്ഗവും സീകരിക്കുന്നിടത്ത് നമ്മുടെ വിദ്യാഭ്യാസനയത്തിന്റെ അജണ്ട ചോദ്യം ചെയ്യപ്പെടുന്നു. വല്ലവിധേനയും അർഹരല്ലാത്തവർ പഠനം പൂർത്തീകരിച്ച് പുറത്തിറങ്ങുന്ന ഇന്നത്തെ സമ്പ്രദായം കാരുണ്യമില്ലാത്ത ഡോക്ടർമാരേയും ആത്മാർത്ഥതയില്ലാത്ത അധ്യാകപരേയും കൈക്കൂലിവാങ്ങുന്ന എഞ്ചി



**പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ പന്തയക്കുതിരകളായാണ് പരിഗണിക്കുന്നത്. പന്തയമത്സരത്തിനുള്ള ഈ കുതിരകൾക്കു വേണ്ടി രക്ഷിതാക്കൾ ആരുടെ ചെരുപ്പ് നക്കാനും തയ്യാറാവുന്നു. രക്ഷിതാക്കൾക്ക് മക്കൾ ലാഭം കൊയ്യാൻ വഴിയൊരുക്കുന്ന മുടക്കുമുതലുകളാണ്.**


നീയർമാരെയും സാമൂഹ്യപ്രതിബദ്ധതയില്ലാത്ത ഗവേഷകരെ പോലും ധാരാളമായി സൃഷ്ടിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസനയത്തിന്റെ പരമോന്നത വിജയം പൂർണ്ണമാവുന്നു(?)

പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ പന്തയക്കുതിരകളായാണ് പരിഗണിക്കുന്നത്. പന്തയമത്സരത്തിനുള്ള ഈ കുതിരകൾക്കു വേണ്ടി രക്ഷിതാക്കൾ ആരുടെ ചെരുപ്പ് നക്കാനും തയ്യാറാവുന്നു. രക്ഷിതാക്കൾക്ക് മക്കൾ ലാഭം കൊയ്യാൻ വഴിയൊരുക്കുന്ന മുടക്കുമുതലുകളാണ്. അറിവിന്റെ തെളിവായി പരിഗണിക്കപ്പെടുന്ന സർട്ടിഫിക്കറ്റുകളും അതിലെ മാർക്കുകളും നേടാൻ എന്തു കളികളിക്കാനും വിദ്യാർത്ഥികളേക്കാൾ രക്ഷിതാക്കൾ ശ്രമിക്കുന്നു. സമ്പൂർണ്ണ വ്യക്തിത്വവികാസം, ബഹുമുഖപ്രതിഭകളുടെ സ്വതസിദ്ധമായ വളർച്ച, കുലീനവും സുന്ദരവുമായ മൂല്യങ്ങളുടെ സ്വാംശീകരണം, ആന്തരിക ചോദനങ്ങളുടെ ഉദാത്തീകരണം എന്നിങ്ങനെ വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യങ്ങൾ കേവലം വാചകക്കസർത്തുക്കളായി മാറികൊണ്ടിരിക്കുന്നു. വിധേയരെപ്പോലെ റിബലുകളെയും സൃഷ്ടിക്കുന്ന സാമൂഹ്യജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായ വിദ്യാലയങ്ങളും വിദ്യാർത്ഥികളുടെ നന്മകൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിദ്യാർത്ഥി സംഘടനകളും അധ്യാപകരും രക്ഷിതാക്കളും ഈ മൂല്യങ്ങൾ തിരിച്ചു കൊണ്ടുവരാൻ ശ്രമിക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. പരീക്ഷയ്ക്ക് മുമ്പു തന്നെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസ രീതി രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ അസ്വസ്ഥതകൾ സമ്മാനിക്കുന്നു.

**ഇടപെടലുകളിലൂടെ സ്വീകരിച്ചും നിരാകരിച്ചും വളർന്നു വരേണ്ട ഒന്നാണല്ലോ സംസ്കാരം.** ഈ സംസ്കാരി രംഗത്തെ അപചയം ഏറെ അപകടം സൃഷ്ടിച്ചത് ആധുനികോത്തരയുവാവിന്റെ ജീവിതത്തെയാണ്. ഇന്നലകളിൽ തങ്ങൾ ആരായിരുന്നുവെന്നറിയാൻ പോലുമാവാത്ത വിധം നമ്മുടെ തനതായ സംസ്കാരം മൺമറഞ്ഞിരിക്കുന്നു. തനതായ ഒരു പാരമ്പര്യത്തിനും സ്വീകാര്യയോഗ്യമായ ഒരു സംസ്കാരത്തിനും ഉടമകളാണ് നാമെന്ന് ഊറ്റം കൊള്ളുകയല്ലാതെ ആ സംസ്കാരിക പാരമ്പര്യങ്ങളെ പിൻതലമുറക്ക് വേണ്ട രീതിയിൽ പകർന്നു നൽകുന്നതിൽ ഇന്നത്തേയും ഇന്നലത്തേയും സംസ്കാരിക പ്രവർത്തകന്മാർ തീർത്തും പരാജയപ്പെട്ടിരിക്കുന്നു.

സംസ്കാരത്തിന്റെ സങ്കീർണ്ണമായ സ്വഭാവമാണ് സാഹചര്യത്തിനൊത്ത് മാറുക എന്നത്. അറിവുകൊണ്ടും അനുഭവം കൊണ്ടുമുണ്ടാകുന്ന പുരോഗമനപരമായ വളർച്ചയാണ് ഇത്. നിർഭാഗ്യകരമെന്നു പറയട്ടെ ഇത്തരം വളർച്ച നമ്മെനയിച്ചത് പ്രതകിരണശേഷി പോലും നഷ്ടപ്പെട്ട് മാനസികമായ ഒരു തളർച്ച ബാധിച്ച ഒരു യുവതലമുറയ്ക്ക് ജന്മം നൽകാനായിരിക്കുന്നു. 'സ്നേഹം തീർന്നുപോവുകയും നരകക്കുഴികൾ മാത്രം ബാക്കിനിൽക്കുകയും ചെയ്യുന്നു. വിദ്വേഷം കടിച്ചു തുപ്പിയ ഒന്നായി ഇന്നു നമ്മുടെ സംസ്കാരം മാറികഴിഞ്ഞു.' (കെ.പി. അപ്പൻ) ഭൂതകാലത്തിന്റെ നിസ്സാരത്തർക്കങ്ങളിൽ തളച്ചിടപ്പെട്ടിരിക്കുകയാണ് നാം. വർത്തമാനകാലത്തിന്റെ അസ്വസ്ഥതകൾക്ക് പരിഹാരം കാണാത്ത നാം, പരസ്പരം മിണ്ടാൻ പോലും താൽപര്യമില്ലാത്തവരായി മാറിയത് എങ്ങനെയാണെന്നും എന്നുമുതലാണെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു.

പരസ്പരം ബന്ധങ്ങളും കടമകളും മറന്ന് മത്സരതീക്ഷണയിൽ അലഞ്ഞു തിരിയുന്ന കുറെ യന്ത്രങ്ങൾ മാത്രമായി നാം മാറിയിരിക്കുന്നു. ഹൃദയം പോലും ഇന്ന് വൻതുകയ്ക്ക് വിൽക്കപ്പെട്ടിരിക്കുന്നു. ഈ കച്ചവടത്തോടുകൂടി നാം 'യന്ത്രങ്ങൾ' എന്ന അഭിസംബോധനക്കു തീർത്തും അർഹരായിക്കഴിഞ്ഞിരിക്കുന്നു. സ്വശരീരം



**പരസ്പരം അറിയാതെ പോവുന്നവരായിരിക്കുന്നു നാം. അല്ലെങ്കിൽ പരസ്പരം അറിയുകയില്ലെന്നു ഭാവിച്ച് സ്വയം സുരക്ഷിതരാവാൻ ശ്രമിക്കുന്നു.**

പോലും കച്ചവടത്തിനു പറ്റിയ ഏറ്റവും മികച്ച ഉത്പന്നമായി പ്രയോജനപ്പെടുത്തുന്നു. സംസ്കാരങ്ങൾക്കു ജന്മം നൽകിയ നദികളും നദീതടങ്ങളും വിറ്റുകാശാക്കുന്നവർ നമ്മുടെ സംസ്കാരത്തെ തന്നെ തൂക്കിവിൽക്കാൻ മടിക്കാണിക്കുന്നില്ല. ഉൽപന്നങ്ങളേക്കാൾ ഉൽപാദനശേഷിയെ തന്നെ കയറ്റുമതിച്ചരാക്കായി കണ്ടെത്തിയിരിക്കുകയാണ് നാം. സമൂഹത്തിൽ മാതൃകയാവേണ്ട സാമൂഹിക സംസ്കാരിക പ്രവർത്തകർ പോലും വിവാദങ്ങൾ സൃഷ്ടിച്ച് ദിനപത്രങ്ങളിൽ നിറഞ്ഞു നിൽക്കാൻ വേണ്ടി പരസ്പരം ചെളിവാരിയെറിയുന്ന ഇക്കാലത്ത് മനുഷ്യത്വത്തിന് വിനാശം സംഭവിക്കുന്നത് വളരെ നിസ്സഹായതയോടെ നാം അറിയുന്നു. കാലഹരണപ്പെട്ട കാഴ്ച്ചപ്പാടുകളുടെ പുറം അടിച്ചു പൊളിക്കുന്ന രാഷ്ട്രീയ സംസ്കാരിക സമീപനങ്ങളാൽ ഇന്നു നാം 'അടിപൊളി സംസ്കാരത്തിന്റെ' വാക്താക്കളായി മാറിയിരിക്കുന്നു. 'അടിക്കേണ്ടതിനെ മുഴുവൻ ആശ്ലേഷിക്കുകയും പൊളിക്കേണ്ടതിൽ മുഴുവൻ പുളകം കൊള്ളുകയും ചെയ്യുന്ന നിയോകൊളോണിയൽ അവസ്ഥ നിർമ്മിച്ച അടിപൊളിയും നമ്മെ നാമല്ലാതാക്കി തീർത്തിരിക്കുന്നു.' (കെ.ഇ.എൻ)

അധിനിവേശാനന്തര സമൂഹമായി (Post Colonial Society) സംസ്കാരിക പ്രവർത്തകാരാൽ തന്നെ മുദ്രകുത്തപ്പെട്ട നമ്മുടെ സാമൂഹ്യജീവിതവും ഇന്നത്തെ യുവാക്കളിൽ വർത്തമാനകാലത്തിന്റെ അസ്വസ്ഥതകൾ പരുക്കുകളോടെ അടിച്ചേൽപ്പിക്കുന്നതിനു കാരണമായിട്ടുണ്ട്. ഒരു തരം നിസംഗതയും അന്യവത്കരണവും നമ്മിൽ ഉടലെടുത്തിരിക്കുന്നു. പരസ്പരം അറിയാതെ പോവുന്നവരായിരിക്കുന്നു നാം. അല്ലെങ്കിൽ പരസ്പരം അറിയുകയില്ലെന്നു ഭാവിച്ച് സ്വയം സുരക്ഷിതരാവാൻ ശ്രമിക്കുന്നു. "കേരളത്തിൽ തുടർച്ചയായി ജനങ്ങൾ വന്നിട്ടുണ്ട്, പോയിട്ടുണ്ട്, ജനങ്ങൾ കുടിയിറങ്ങിയിട്ടുണ്ട്, കുടിയേറിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ഏകശിലാത്മകമായ, ഏകസ്വഭാവമുള്ള ഒരു സമൂഹമല്ല കേരളത്തിൽ എക്കാലവും ഉണ്ടായിട്ടുള്ളത് എന്നുപറയേണ്ടിവരുന്നു. മറ്റു പ്രദേശങ്ങളിൽ കുടിയേറുകയും കുടിയിറങ്ങുകയും ചെയ്തവരും ഇവിടെ സ്ഥിരതാമസമാക്കിയവരും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വളർന്നു വന്ന ജനസമൂഹമാണ് കേരളത്തിലുള്ളത്. ഇന്ത്യയിലെ ഇതര ഗ്രാമസമൂഹത്തിൽ നിന്നു വിഭിന്നമായി ഒരു ചില്ല് അല്ലെങ്കിൽ ജനലിന്റെയോ വാതിലിന്റെയോ ഒരു പാളി എപ്പോഴും തുറന്നിട്ടു കൊണ്ടുള്ള ഗ്രാമസമൂഹങ്ങളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. (കെ.എൻ. ഗണേഷ്, മലയാള സാംസ്കാരത്തിന്റെ രൂപീകരണം) ഗ്രാമങ്ങളിൽപോലും ഈ ജനലുകളും വാതിലുകളും വലിച്ചടച്ച്, വലിയ മതിലുകൾ സൃഷ്ടിച്ച്, തന്നിലേക്ക് തന്നെ ഒതുങ്ങിക്കൂടിയവരുമുണ്ട്.

രക്ഷിതാക്കളും കുട്ടികളും തമ്മിലും, ഡോക്ടറും രോഗികളും തമ്മിലും, വ്യാപാരികളും ഉപഭോക്താക്കളും തമ്മിലും, ദമ്പതികൾക്കിടയിലും, അയൽവാസികൾക്കിടയിലും കുടുംബക്കാർക്കിടയിലും, സുഹൃത്തുക്കൾക്കിടയിൽ പോലും നിലനിന്നിരുന്ന ബന്ധങ്ങൾക്ക് വലിയ മാറ്റം സംഭവിച്ചിരിക്കുന്നു. സ്വപ്നം കാണാൻപോലും കഴിയാത്ത തരത്തിലുള്ള മാറ്റമാണ് കഴിഞ്ഞ കുറച്ചുനിമിഷങ്ങൾക്കുള്ളിൽ നമ്മിൽ സംഭവിച്ചത്. ജീവതത്തെ ആഘോഷങ്ങളിൽ നിന്ന് ആഘോഷങ്ങളിലേക്കും കുടുംബമേളകളിൽ നിന്ന് കുടുംബമേളകളിലേക്കും നാം സന്തോഷവാന്മാരാണെന്ന

**മാവിൻചുവട്ടിലെ**
**കണ്ണൻചിരട്ടയും** ഓല
**പ്പന്തുകളും** അടഞ്ഞ
**പുസ്തക**ങ്ങൾ
**ക്കുള്ളിലെ**
**മയിൽപീലി** തുണ്ടു
**കളും കളിച്ചെപ്പിലെ**
**വളപ്പൊട്ടുകളും** ഇന്ന്
**ക്രിക്കറ്റ് ബാറ്റിനേയും**
**കളിത്തോക്കിനെയും**
**ടോം-ജെറിമാരെയും**
**ശപിക്കാൻപോലും**




'യു ടോക്ക് -ഐ ലിസൺ' എന്നതിൽ നിന്നും 'ലെറ്റസ് ടോക്കി'ലേക്കു നമ്മൾ പരിണമിച്ചിട്ടും നമുക്കിടയിലെ സംഭാഷണം നമുക്കാസ്വദിക്കാനേ കഴിയുന്നില്ല.



വ്യാജേന നിരന്തരം ചലിപ്പിക്കുന്നു. വൈകുന്നേരങ്ങളിൽ സ്നേഹത്തിന്റെ കൂട്ടായ്മകളും നീലാകാശത്തെ നോക്കിയിരുന്ന് സൗഹൃദം പങ്കുവെക്കപ്പെട്ട നെല്ലുവിരിച്ച മുറ്റങ്ങളും ഇന്നു സ്വാർത്ഥതയുടെ മടിത്തട്ടിലേക്ക് കൂപ്പുകുത്തിയിരിക്കുന്നു. മാവിൻചുവട്ടിലെ കണ്ണൻചിരട്ടയും ഓലപ്പന്തുകളും അടഞ്ഞ പുസ്തകങ്ങൾക്കുള്ളിലെ മയിൽപീലി തുണ്ടുകളും കളിച്ചെപ്പിലെ വളപ്പൊട്ടുകളും ഇന്ന് ക്രിക്കറ്റ് ബാറ്റിനേയും കളിത്തോക്കിനെയും ടോം-ജെറിമാരെയും ശപിക്കാൻ പോലും അറിയാതെ നിഷ്കളങ്കരായി കാലത്തിന്റെ ചവറ്റുകൊട്ടയിൽ മാറ്റങ്ങളുമായി മല്ലിട്ട് തളർന്നു കിടക്കുന്നു. നഷ്ടമായ കളിതമാശകളുടെ വസന്തകാലം ഇനിയൊരിക്കലും തിരിച്ചുവരില്ലെന്നു ആരാണിനി അവയോടു പറയുക?!

അറിയാതെ നിഷ്കളങ്കരായി കാലത്തിന്റെ ചവറ്റുകൊട്ടയിൽ മാറ്റങ്ങളുമായി മല്ലിട്ട് തളർന്നു കിടക്കുന്നു. നഷ്ട മായ കളിതമാശകളുടെ **വസന്തകാലം** ഇനിയൊരിക്കലും തിരിച്ചുവരില്ലെന്നു ആരാണിനി അവയോടു പറയുക?!

നമ്മുടെ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും ചുമരിലെ നെയിംപ്ലേറ്റുകളും അഭിമാന സൂചനമായി കൊത്തിവെക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളൂവെന്ന് നാം വേദനയോടെ മനസ്സിലാക്കുന്നു. സിനിമയിൽ കാണുമ്പോലെ ജീവിക്കണമെന്ന് വാശി പിടിച്ചിട്ടും എന്തൊക്കെയോ ഒരു കുറവ് നമ്മളിൽ ബാക്കിനിൽക്കുന്നു. 'യു ടോക്ക് -ഐ ലിസൺ' എന്നതിൽ നിന്നും 'ലെറ്റസ് ടോക്കി'ലേക്കു നമ്മൾ പരിണമിച്ചിട്ടും നമുക്കിടയിലെ സംഭാഷണം നമുക്കാസ്വദിക്കാനേ കഴിയുന്നില്ല. ഒരു തരം കാപട്യം നമ്മുടെ ചലനങ്ങളിൽ കുടിയേറിയിരിക്കുന്നു. താൽക്കാലികമായ സുരക്ഷിതത്വവും സുഖവും മാത്രമേ നാം ആഗ്രഹിക്കുന്നുള്ളൂവോ? ഇന്നത്തെ ജീവിതം ആഹ്ലാദകരമായിരിക്കണമെന്ന നിർബന്ധത്താൽ നാളെയെ നാം ഓർക്കുന്നതേയില്ല.



**കപട സദാചാരബോധം ഉള്ളിലൊതുക്കി പകൽ മാന്യന്മാരായി കഴിയുകയാണ് പലരും.** ഒന്നിൽ കൂടുതൽ തവണ തൊലിയൊരിക്കപ്പെടാൻ കഴിയുന്ന അപൂർവ്വ ദൈവസൃഷ്ടികളാണല്ലോ മനുഷ്യർ. നമുക്ക് കിട്ടാത്തത് മറ്റുള്ളവർക്കും കിട്ടാതിരിക്കാൻ 'വേണ്ടത് ചെയ്യുന്നവരാണ്' നാം. സ്വപത്നി വന്ധ്യയായതിനാൽ അന്യരുടെ ഭാര്യമാരെല്ലാം നിർബന്ധ വന്ധ്യകരണം പിടിപ്പെട്ടവരാകണമെന്ന ശാഠ്യവും അന്യന്റെ മാതാവിനെ ഉപദ്രവിച്ചുകൊണ്ടാണ് സ്വന്തം മാതാവിനെ സ്നേഹിക്കേണ്ടത് എന്ന വികലചിന്തയും നമ്മെ ബാധിച്ചിരിക്കുന്നു. പരോക്ഷമായി വർഗ്ഗീയത വിളമ്പുകയും പ്രത്യക്ഷമായി സാഹോദര്യം പ്രഖ്യാപിക്കുകയും ചെയ്യുന്ന മത പ്രബോധകരും രഹസ്യമായി സായിപ്പുമായി ബന്ധം പുലർത്തി ഫണ്ട് സ്വരൂപിക്കുകയും പരസ്യമായി അവർക്കെതിരെ ഗോ ബാക്ക് വിളിച്ച് വികസനത്തെ എതിർക്കുകയും ചെയ്യുന്ന രാഷ്ട്രീയക്കാരും നമ്മുടെ യുവത്വത്തെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അധികാരം കിട്ടുംവരെ മാത്രം ആദർശം പ്രഖ്യാപിക്കുകയും അധികാരത്തിലേറിയാൽ സമരങ്ങളോട് സന്ധിയാകുകയും ചെയ്യുന്ന രാഷ്ട്രീയക്കാരാണ് രണ്ടുരൂപയുടെ കാൽച്ചായക്കുവേണ്ടി വോട്ടുമാറ്റി കുത്തുന്ന സമ്മതിദായകരായി ഇന്നത്തെ പൗരന്മാരെ മാറ്റിയത്.


വിമർശനങ്ങളുടെ, വ്യക്തമായ തെളിവുകളുടെ പിൻബലത്തോടെയുള്ള ആരോപണങ്ങളുടെ അസഹനീയമായ ഉഷ്ണക്കാറ്റേറ്റ് ഞെളിപിരികൊള്ളുന്ന തങ്ങളുടെ ഇഷ്ട നായകരുടെ വിഗ്രഹങ്ങൾ എപ്പോഴും ഉടഞ്ഞുകൊണ്ടിരിക്കുന്നു എന്ന സത്യവും അവരെക്കുറിച്ചുള്ള കൂടുതലായുള്ള അറിവും യുവാക്കളിൽ അസ്വാസ്ഥ്യജനകമാ

യിത്തീരുന്നു. അനുകരിക്കാനോ മാതൃകയാക്കാനോ സ്വാധീനം ചെലുത്താനോ പറ്റിയ മുൻഗാമികളുടെ അഭാവമല്ല, മറിച്ച് അത്തരം മഹാന്മാരുടെ ജീവിതചര്യ പകൽ വെളിച്ചത്തിൽ പ്രസംഗിച്ചും രാത്രിയുടെ മറവിൽ തിരസ്ക്കരിച്ചും നടക്കുന്ന പിൻഗാമികളായ കപടനേതൃത്വമാണ് ഇന്നത്തെ യുവാക്കളിൽ സ്വന്തം സംസ്കാരത്തേയും നാടിനേയും തള്ളിപ്പറയാൻ പ്രേരിപ്പിക്കുന്നത്. രാജാവ് നഗ്നനനാണെന്ന് വിളിച്ചുപറയാൻ ഒരു കുട്ടിപോലും ഇന്നില്ല എന്നു വന്നിരിക്കുന്നു. വേലക്കാരിയുടെ മുതൽ രാഷ്ട്രീയക്കാരന്റെ വരെ ചിന്തകൾ കൂച്ചുവിലങ്ങുകളാൽ തളക്കപ്പെട്ടിരിക്കുകയാണ് ഇന്ന്. നാടിന്റെ നന്മ കൊതിച്ച് ഹൃദയത്തിൽ നിന്നുള്ള വാക്കുകൾ കൊണ്ട് നമ്മെ സംസ്ക്കരിക്കേണ്ട സാഹിത്യ സാംസ്കാരിക സാമൂഹ്യ പ്രവർത്തകരുടെ നാവുകളെയെല്ലാം കുത്തക സ്ഥാപനങ്ങൾ വിലക്കെടുത്തിരിക്കുകയാണ്. വിലക്കെടുക്കാനാവാത്തവരുടെ നാവുകൾക്ക് കരിനിയമങ്ങളുടെ പിൻബലത്തോടെ വിലക്കേർപ്പെടുത്തുകയോ വിലങ്ങണിയിക്കുകയോ ചെയ്തിരിക്കുന്നു ഇവർ.

**നമ്മുടെ വായന** പോലും ഇത്തരം സ്ഥാപനങ്ങളുടെ കൺട്രോൾ റൂമുകളിൽ നിന്നുള്ള അഭിപ്രായങ്ങൾക്കനുസരിച്ചാണ്. ജില്ലകളല്ല, പഞ്ചായത്തുകൾതോറും ഇനി പത്രങ്ങളുടെ എഡിഷനുകൾ പുറത്തിറക്കിയാലും വരികൾക്കിടയിലൂടെയും വാക്കുകൾക്കുള്ളിലൂടെയും അക്ഷരങ്ങൾക്കൊപ്പവും വായിക്കാനുള്ള കഴിവ് നാം നേടിയെടുക്കുമോ ആവോ? നമ്മുടെ വായനയും ചിന്തയും നമ്മുടേതു മാത്രമാകുന്ന ഒരുകാലം സ്വപ്നം കാണുന്നതിനും എത്രയോ അപ്പുറത്താണെന്ന് വന്നിരിക്കുന്നു. എന്നിട്ടും നാം മറ്റാരേക്കാളും നല്ല ചിന്താശക്തിയുള്ളവരാണെന്ന് കിണറ്റിലെ തവളകളെപ്പോലെ അഭിമാനം കൊള്ളുന്നു! എന്നാൽ തന്നെയും നമ്മുടെ ചിന്തകളെ ഉപയോഗിക്കുന്നതാവട്ടെ നമ്മുടെ തെറ്റുകളെ ന്യായികരിക്കാൻ മാത്രവും. തന്തയില്ലാത്ത ഒരു ഭാഷ സ്വീകരിക്കാൻ നാം നിർബന്ധിതരായിരിക്കുകയാണ്. *'മലയാലത്തേക്കാൾ ഇംഗ്ലീഷാണ് യെനിക്ക് വയങ്ങുക'* എന്നു പറയുന്ന പൊങ്ങച്ചസംസ്കാരം നമ്മിൽ വ്യാപിപ്പിച്ചിരിക്കുന്നു. എന്നാൽ ശരിയായ രീതിയിൽ ഇംഗ്ലീഷ് എഴുതാനോ വായിക്കാനോ ഇക്കൂട്ടർക്ക് കഴിയില്ലെന്നത് തമാശയ്ക്ക് വകനൽകുന്നു. പട്ടണത്തിലെ പ്രശസ്തമായ കോൺവെന്റിൽ തന്നെ ആദ്യാവസാനം പഠിച്ചിറങ്ങിയ യുവതിക്ക് മലയാളം എഴുതാനും വായിക്കാനും അറിയില്ലെന്ന വിവരണം വിവാഹ കമ്പോളത്തിൽ അവളുടെ നിലവാരം ഒന്നുകൂടി വർദ്ധിപ്പിക്കുമെന്ന് വന്നിരിക്കുന്നു. കല്ല്യാണക്കുറി മലയാളത്തിൽ അച്ചടിച്ചതിനാൽ ഭർതൃഗൃഹത്തിൽ നിന്നും പരിഹാസം നേരിട്ട ഭാര്യമാർ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. അപമാനഭീതി മൂലം പി.എസ്.സി. ടെസ്റ്റുകളിലും ഇന്റർവ്യൂകളിലും മാതൃഭാഷ ഉപയോഗിക്കാനുള്ള സുവർണ്ണാവസരം നാം നഷ്ടപ്പെടുത്തുന്നു. ഈ അവസരം നന്നായി പ്രയോജനപ്പെടുത്തുന്ന ബീഹാറിയും ഗുജറാത്തിയും മലയാളിയെ പിന്തള്ളുന്ന കാഴ്ച നാം വേദനയോടെ കാണുന്നു. എന്നിട്ടും നമ്മുടെ ഈ മുടിഞ്ഞ അഭിമാനബോധം വിട്ടുമാറുന്നില്ലല്ലോ എന്ന് യുവാക്കൾ പിറുപിറുക്കുന്നത് ആരു കേൾക്കാൻ....?!

**നമ്മുടെ വൃത്തിബോധം** ഏറെക്കാലം പുകൾപെറ്റതായിരുന്നു ഇന്നു നാം ഏറെ പഴികേൾക്കുന്നതും നമ്മുടെ വൃത്തികേടു കാരണമാണ്. സ്വന്തം വീട്ടിൽ നിന്നും മാലിന്യങ്ങൾ പ്ലാസ്റ്റിക് കവറിലാക്കി തൊട്ടടുത്ത വീടിനുമുന്നിലേക്കോ പൊതു റോഡിലേക്കോ, പുഴകളിലേക്കോ ച(ക)വർ ബോംബുകളാക്കി നിക്ഷേപിക്കുകയാണ്.

ഒരു ഫലിതമുണ്ട്: രാമു ആദ്യമായിട്ടായിരുന്നു അമേരിക്കയിൽ എത്തിയത്. വിമാനത്തിൽ നിന്നേ അമേരിക്കൻ ഫുഡുകൾ തനിക്ക് പറ്റിയതല്ലെന്ന് മനസ്സിലാക്കാൻ രാമുവിനായി. അമേരിക്കയിൽ എത്തിയിട്ട് ഏതെങ്കിലും മലയാളി ഹോട്ടലിൽ നിന്ന് ഊൺ കഴിക്കാമെന്ന് രാമു കരുതി. പക്ഷെ, എത്ര തിരഞ്ഞിട്ടും



**ജില്ലകളല്ല, പഞ്ചായത്തുകൾതോറും ഇനി പത്രങ്ങളുടെ എഡിഷനുകൾ പുറത്തിറക്കിയാലും വരികൾക്കിടയിലൂടെയും വാക്കുകൾക്കുള്ളിലൂടെയും അക്ഷരങ്ങൾക്കൊപ്പവും വായിക്കാനുള്ള കഴിവ് നാം നേടിയെടുക്കുമോ ആവോ?**



ഒരു മലയാളി ഹോട്ടൽ പോലും കണ്ടെത്താൻ രാമുവിനായില്ല. ആരോടെങ്കിലും ചോദിക്കാനാണെങ്കിൽ ഇംഗ്ലീഷ് ഭാഷ വശവുമില്ല. തന്റെ സ്പോൺസറാണെങ്കിൽ എത്താൻ അല്പം കൂടി കഴിയും. അതുവരെ ദൈവമേ....രാമു അസ്വസ്ഥനായി.

അപ്പോഴാണ് രാമു ആ കാഴ്ച കണ്ടത്. തൊട്ടടുത്ത ഒരു ബിൽഡിംഗിൽ നിന്നും ഇറങ്ങിവന്ന ഒരാൾ റോഡിലേക്ക് കാർക്കിച്ചൊന്ന് തുപ്പിയത്. ഉടനെ രാമു അയാളുടെ അടുത്തെത്തി ചോദിച്ചു: "നമസ്കാരം ചേട്ടാ, ഇത് മലയാളികളുടെ ഹോട്ടൽ തന്നെയാണല്ലോ അല്ലോ?" അപരിചിതൻ അത്ഭുതപ്പെട്ടു. 'താൻ മലയാളിയാണെന്ന് ഇയാൾ എങ്ങനെ മനസ്സിലാക്കി?'

സാമൂഹ്യ പുരോഗതിയിൽ ഇത്രയധികം മുന്നിൽ നിന്നിട്ടും ഇന്ന് പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്താനും, കാർക്കിച്ചു തുപ്പാനും നാറുന്ന വൃത്തി കേടുകൾ നിക്ഷേപിക്കാനും അശ്ലീല പരസ്യപോസ്റ്ററുകൾ പതിക്കാനും നാം മടിക്കുന്നില്ല. വ്യക്തിപരമായി മാത്രമാണ് ഇന്ന് ഓരോ വ്യക്തിയും വൃത്തിബോധം കാണിക്കുന്നത്. ആരും കാണാതെ എന്തും ചെയ്യാമെന്ന കപട സദാചാരമാവാം മലയാളിയുടെ ഈ ബോധത്തിനു കാരണം. ബാഹ്യവൃത്തിയും ആന്തരവൃത്തിയും ഒന്നിക്കുമ്പോഴാണല്ലോ വൃത്തിബോധം സമ്പൂർണ്ണമാകുക. മലയാളിയുടെ ആന്തരിക വൃത്തിയിലുണ്ടായ മൂല്യച്ചുതിയായിരിക്കാം ബാഹ്യവൃത്തിയിൽ പ്രതിഫലിക്കുന്നത്.

**നമ്മുടെ വസ്ത്രധാരണ** രീതിപോലും മറ്റാരെയൊക്കെയോ അനുകരിക്കത്തക്കതായിരിക്കുന്നു. ഈ അനുകരണം നമ്മിൽ വല്ലാത്ത അസ്വസ്ഥതയാണ് സൃഷ്ടിക്കുന്നത്. ഏതു കൊടും ചൂടിലും ടൈ മുറുക്കിക്കെട്ടാൻ നാം നിർബന്ധിതരായിരിക്കുന്നു. സ്വകാര്യതയിലേക്ക് എത്തിനോക്കാൻ അന്യരെ പ്രേരിപ്പിക്കുന്ന തരത്തിലും അംഗവടിവ് വ്യക്തമാക്കി അന്യരെ ഇക്കിളിപ്പെടുത്തുന്ന രീതിയിലും കാലത്തിന്റെ പേരും പറഞ്ഞ് കോലം കെട്ടാൻ മടിയില്ലാത്തവരായിരിക്കുന്നു നാം. വാഹനങ്ങളിലേയും പൊതുസ്ഥലങ്ങളിലേയും പീഢനങ്ങൾക്കും അതിക്രമങ്ങൾക്കും പ്രധാന കാരണം ഇത്തരം വേഷവിധാനങ്ങളാണെന്ന് നാം സൗകര്യപൂർവ്വം മറക്കുന്നു. ഗതികേടുകൊണ്ട് ഒടുവിൽ പാവം ബസ്സ് മുതലാളിക്ക് ബസ്സിൽ "ശരീരഭാഗങ്ങൾ പുറത്തിടരുത്" എന്ന് എഴുതിവെക്കേണ്ടി വന്നിരിക്കുന്നു. നമ്മുടെ പരമ്പരാഗത വേഷങ്ങളായ മുണ്ടും നേര്യതുമെല്ലാം ഇന്ന് ഓണത്തിനും വിഷുവിനും മറ്റു സാംസ്കാരിക ആഘോഷങ്ങൾക്കും മാത്രം അണിയാനുള്ള സൂക്ഷിപ്പുമുതലായി മാറിയിരിക്കുന്നു. രാഷ്ട്രീയ-സാംസ്കാരിക വേദികളിൽ പ്രതിഷേധ സൂചകമായി മുണ്ടുരിയലും, മുണ്ടുപൊക്കിക്കാണിക്കലും വ്യാപകമായതോടെ നമ്മുടെ ഈ തനതായ വേഷത്തിന്റെ മറ്റൊരുപയോഗം കൂടി നാം മനസ്സിലാക്കുന്നു. സമകാലിക രാഷ്ട്രീയക്കാർക്ക് നവകേരളത്തിലെ യുവാക്കളുടെ കൂപ്പുകൈ!

നമ്മുടെ നാവുകൾക്ക് ഇന്ന് ഫാസ്റ്റ് ഫുഡിനും ആഗോള കുത്തകകളുടെ പേക്കറ്റ് ഫുഡിനും കോളകളിലെ മാരക വിഷങ്ങൾക്കും വശംവദയായിരിക്കുന്നു. കയ്യിൽ ചോറുപൊതിഞ്ഞു കൊണ്ടുപോകുന്നവരെ ഇന്നു കാണാനാവില്ല. അമ്മയുടെ സ്നേഹം രണ്ടു മിനിട്ടുകൊണ്ട് സ്വന്തമാക്കാവുന്ന ഫുഡ് കമ്പനികൾ, അമ്മയുടെ കൈപുണ്യം തങ്ങളുടേതിനൊക്കില്ലെന്ന് വാചകമടിക്കുന്ന ഹോട്ടലുകാർ നമ്മുടെ ഭക്ഷണ ക്രമത്തെ ചിട്ടപ്പെടുത്തുന്നു. 'കമ്പോളത്തിലെ ആദാനപ്രദാനങ്ങൾക്ക് വിധേയമായ വെറും ആർത്തികളായി നമ്മുടെ വിശപ്പും ദാഹവും വരെ മാറ്റപ്പെട്ടുകഴിഞ്ഞു. മനുഷ്യൻ തിന്നുന്നതും കുടിക്കുന്നതും തീരുമാനിക്കപ്പെടുന്നത് കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് കേന്ദ്രങ്ങളിലാണ്.' ഉപയോഗിക്കുന്നതൊന്നും ഉല്പാദിപ്പിക്കാത്തവരും ഉത്പാദിപ്പിക്കുന്നതൊന്നും ഉപയോഗിക്കാത്തവരുമെന്ന



**മലയാളിയുടെ ആന്തരിക വൃത്തിയിലുണ്ടായ മൂല്യച്ചുതിയായിരിക്കാം ബാഹ്യവൃത്തിയിൽ പ്രതിഫലിക്കുന്നത്.**

**ഓരോ മുറിയും ഓരോ വീടായും വീട് കൊട്ടാരമായും ആക്കിത്തീർക്കാൻ പാടുപെട്ടപ്പോൾ നാം ശ്രദ്ധിക്കാതെ പോയത് നമുക്കിടയിലെ അകലത്തെയായിരുന്നു. അതോ അകലാൻവേണ്ടി മന:പ്പൂർവ്വം നാം ഇങ്ങനെയൊക്കെ ചെയ്തതാണോ?**

അത്യപൂർവ്വ വിശേഷണം കാലങ്ങളോളമായി നാം നിലനിർത്തിപ്പോരുന്നു. 'ഇന്ത്യയിലെ സമ്പൂർണ്ണ ഉപഭോക്തൃത സംസ്ഥാനം' എന്നു വിളിക്കാൻ എന്തുകൊണ്ടും നമ്മുടെ കേരളം അർഹയാണെന്ന് വന്നിരിക്കുന്നു. ആന്ധ്രയിൽ നിന്നുള്ള അരിയും, തമിഴ്നാട്ടിൽ നിന്നുള്ള പച്ചക്കറിയും ചിക്കനും വരുന്നതു നിന്നാൽ നാം ഒരു നേരത്തെ ഭക്ഷണം കിട്ടാൻപോലും നെട്ടോട്ടമോടേണ്ടി വരുമെന്ന് തീർച്ചയാണ്. കുടിക്കാൻ ഒരു തുള്ളി ശുദ്ധജലം പോലും അവശേഷിപ്പിക്കാത്ത വിധം നാം നമ്മുടെ ജലാശയങ്ങളെ ക്രമീകരിച്ചിരിക്കുന്നു. പൊണ്ണത്തടിയാന്മാരായി ധാരാളം രോഗങ്ങളും പേറി ജീവിക്കുന്നവരായിരിക്കുന്നു ഇന്നത്തെ യുവാക്കൾ.




നാലുപേർ ഒത്തുകൂടുന്ന വേളകളിലെല്ലാം മദ്യം വേണമെന്ന് ഇന്ന് നമ്മുടെ പുതിയ സംസ്കാരം ആവശ്യപ്പെടുന്നു. 'മദ്യവും പുകയുമില്ലാതെ നമുക്കെന്താഘോഷം?' എന്ന മട്ടിലാണ് കാര്യങ്ങൾ. നവ കൊളോണിയലിസം നടത്തുന്ന മാനസികാധിനിവേശത്തിന്റെ ഫലമായി ഫാസ്റ്റ് ഫുഡ് സംസ്കാരം ഒരു മോഡേൺ ട്രന്റായി രൂപപ്പെട്ടിരിക്കുന്നു. നമ്മുടെ അടുക്കളകളും തീൻമേശകളും എത്രപെട്ടന്നാണ് ആരോഗ്യദായകമായ 'പാസ്റ്റ് ഫുഡുകൾ'ക്ക് പകരം നവകൊളോണിയൽ വിഭവങ്ങളാൽ സമൃദ്ധമായ 'ഫാസ്റ്റ് ഫുഡുകളാൽ' അലങ്കരിക്കപ്പെട്ടത്!

**നമ്മുടെ പാർപ്പിടങ്ങൾ** പോലും പുതിയ സംസ്കാരത്തിന്റെ അടിത്തറയ്ക്കുമേൽ പണിതതാണ്. അലങ്കാരത്തിന്റെയും പ്രതാപത്തിന്റെയും ചിഹ്നമായി നമ്മുടെ പാർപ്പിടങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്നു. സ്വന്തം അയൽപ്പക്കക്കാരനേക്കാൾ എത്ര പൊക്കത്തിലാണ് താനെന്ന് പ്രകടിപ്പിക്കാനുള്ള മാർഗ്ഗമായി നാം നമ്മുടെ വീടുകളെ കണക്കാക്കുന്നു. സമാധാനവും സദാചാരവും സന്തോഷവും പൂത്തുവിടർന്ന പൂന്തോപ്പുകളായിരുന്ന വീടുകൾ സംഘർഷങ്ങളുടെയും സംഘട്ടനങ്ങളുടെയും അസ്വസ്ഥകളുടെയും വിളനിലമായി മാറിയിരിക്കുന്നു. ഓരോ മുറിയും ഓരോ വീടായും വീട് കൊട്ടാരമായും ആക്കിത്തീർക്കാൻ പാടുപെട്ടപ്പോൾ നാം ശ്രദ്ധിക്കാതെ പോയത് നമുക്കിടയിലെ അകലത്തെയായിരുന്നു. അതോ അകലാൻവേണ്ടി മന:പ്പൂർവ്വം നാം ഇങ്ങനെയൊക്കെ ചെയ്തതാണോ? ഇന്നത്തെ ഈ കെട്ടിടങ്ങൾ നമ്മുടെ സമൂഹത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തെയും അതിന്റെ പൊള്ളത്തരങ്ങളെയും സ്പഷ്ടമാക്കുന്നു.

**അലസത, നിസംഗത, സ്വാർത്ഥത, പൊങ്ങച്ചം തുടങ്ങിയ പദങ്ങളെ തീർത്തും സ്വന്തമാക്കിയിരിക്കുകയാണ് നാം.** പതിനഞ്ചിലേറെ വർഷങ്ങളിൽ പഠനത്തിനു ചെലവായ തുകകളത്രയും ഒന്നോ രണ്ടോ കൊല്ലം കൊണ്ട് കിട്ടണമെന്ന കണക്കു കൂട്ടലിൽ മരീചികയായ സർക്കാർ ജോലികളിൽ കണ്ണും നട്ടിരിക്കുകയാണ് ഏറെ പേരും. സ്വന്തം നാട്ടിൽ വിയർപ്പൊഴുക്കാൻ മടിക്കുന്ന നാം വിദേശത്തു പോയാൽ അടിമവേല ചെയ്യാൻ പോലും തയ്യാറാവുന്നു. ഇവിടെ വഴക്കാളികളും അലസന്മാരുമായി കഴിയുന്ന കേരള യുവത വിദേശങ്ങളിലെത്തുമ്പോൾ കാര്യശേഷിയുള്ള ചുണക്കുട്ടന്മാരായും ലക്ഷ്യബോധമുള്ള അധ്വാനശീലരായും മാറുന്ന വാർത്ത നാം അറിയുന്നു.

**ഉപഭോഗ വസ്തുക്കളുടെ കേരളത്തിലെ ഡിമാന്റു കണ്ടാൽ ഇവ നിർമ്മിക്കപ്പെടുന്നത് കേരളത്തെ മാത്രം മനസ്സിൽ കണ്ടാണോ എന്ന് തോന്നിപ്പോവും. എല്ലാം മറ്റുള്ളവരെക്കാൾ ആദ്യം താനുപയോഗിക്കണമെന്ന വാശിയാണ് ഓരോ മലയാളിക്കും.**

സ്വന്തം നാട്ടിൽ മേനിയനങ്ങാത്ത തിരുമേനിമാരായി ഉണ്ടും ഉരുണ്ടും സുഖിച്ചു നാം കഴിയുമ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തിയ 'അണ്ണാച്ചികൾ' കഠിനാധ്വാനം ചെയ്ത് അന്തസ്സായി കഴിയുന്നു. മലയാളിയുടെ അലസത സ്വന്തം മനോഭാവത്തിന്റെ ബഹിർസ്ഫുരണമാണ്. വെറുതെയങ്ങനെ ഇരിക്കാനോ ചുറ്റിക്കറങ്ങാനോ ഒക്കെയാണ് നാം ആഗ്രഹിക്കുന്നത്. ഒഴിവുവേളകളെ പോലും മഹോത്സവങ്ങളാക്കി ആഘോഷിക്കാനുള്ള നമ്മുടെ മിടുക്കിനെ സമ്മതിച്ചേ മതിയാവൂ. ഇലക്ഷനുകൾ വരുമ്പോൾ മാത്രം വോട്ടു നേടാനും യൂണിയൻ ഭരണം തട്ടിക്കൂട്ടാനും മാത്രമായി ചെറിയ പ്രശ്നങ്ങളെ സമാധാനപരമായ ചർച്ചകളിലൂടെ പരിഹാരം കാണുന്നതിന് പകരം വിദ്യാഭ്യാസ ബന്ദുകളും അക്രമസമരങ്ങളും മൂലം പഠിപ്പുമുടക്കുന്ന കുട്ടിരാഷ്ട്രീയക്കാരും, സമകാലിക സംഭവവികാസങ്ങളോട് പ്രതികരിക്കുന്നുവെന്ന വ്യാജേന പ്രക്ഷോഭങ്ങളും സമരങ്ങളും സംഘടിപ്പിച്ച് ഹർത്താലും പണിമുടക്കും പ്രഖ്യാപിക്കുന്ന ബഡാരാഷ്ട്രീയക്കാരും നമ്മുടെ ഈ അലസമനോഭാവം വളർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ഇന്ത്യയും പാക്കിസ്ഥാനും ക്രിക്കറ്റ് കളിക്കുമ്പോൾ നമ്മുടെ ഭരണകാര്യാലയം മുതൽ അടുക്കള വരെ അന്നു അവധിയിലാകുന്നു.



**ചുളുവിൽ പണം സമ്പാദിക്കാനാണ് നാമാഗ്രഹിക്കുന്നത്.** ഹവാലകളിലൂടെയും കുഴൽപണങ്ങളിലൂടെയും നാം സമ്പന്നരാകുന്നു. ചൂതിന്റെയും ഓൺലൈൻ ലോട്ടറികളുടെയും സമ്മാനമഴകളിലൂടെയും ഫോൺ-ഇൻ-പരിപാടികളുടെയും മുമ്പിൽ മുട്ടുമടക്കിയിരുന്നു മുട്ടിപ്പായി പ്രാർത്ഥിക്കുന്നു: "ഭാഗ്യമേ കൈവെടിയല്ലേ'' എന്ന്. ഇത്തരം ഭാഗ്യപരീക്ഷണങ്ങൾക്കിടയിലെപ്പോഴോ നാം നമ്മുടെ അദ്ധ്വാനശീലം മറന്നുപോയി. ജോലി കിട്ടാനാണ് നമ്മുടെ നാട്ടിൽ പാട്. ജോലി കിട്ടിക്കഴിഞ്ഞാൽ പിന്നെ സുഖമായി. ഓഫീസിലിരുന്ന് ഫയലുകൾക്ക്പകരം വീക്ക്‌ലികൾ വായിക്കാനും രാപ്പടം കണ്ട ക്ഷീണം തീർത്ത് ഒന്നുറങ്ങാനും നമ്മുടെ നാട്ടിലെ ഉദ്യോഗസ്ഥർക്കേ ഭാഗ്യമുള്ളൂ. ചെറിയ ചെറിയ ആവശ്യങ്ങൾക്കു പോലും അപേക്ഷകനെ നാലഞ്ചുതവണ നടത്തിപ്പിക്കുന്ന ക്രൂരത നമ്മുടെ ഉദ്യോഗസ്ഥർക്ക് പതിവു തമാശയാണ്.

അമിതമായ രീതിയിൽ ആഭരണങ്ങളോടും വസ്ത്രങ്ങളോടും കോസ്മെറ്റിക് മെറ്റീരിയലുകളോടും ആസക്തി കാണിക്കുന്ന നാം നമ്മുടെ അദ്ധ്വാനത്തിന്റെ 80-90 ശതമാനവും ഉത്പാദനക്ഷമമല്ലാത്ത കാര്യങ്ങൾക്കു വേണ്ടി ചെലവഴിക്കുന്നു. ആകാശത്തെ നക്ഷത്രമെല്ലാം ഒരു വട്ടം എണ്ണിക്കഴിഞ്ഞാലും കേരളത്തിലെ സ്വർണ്ണക്കടകൾ എണ്ണിത്തിട്ടപ്പെടുത്താൻ ആവില്ല. ഉപഭോഗ വസ്തുക്കളുടെ കേരളത്തിലെ ഡിമാന്റുകണ്ടാൽ ഇവ നിർമ്മിക്കപ്പെടുന്നത് കേരളത്തെ മാത്രം മനസ്സിൽ കണ്ടാണോ എന്ന് തോന്നിപ്പോവും. എല്ലാം മറ്റുള്ളവരെക്കാൾ ആദ്യം താനുപയോഗിക്കണമെന്ന വാശിയാണ് ഓരോ മലയാളിക്കും. ഇൻസ്റ്റാൾമെന്റുകളുടെ പ്രലോഭനങ്ങളുമായി പുത്തൻ ഗാർഹികോപകരണങ്ങൾ വാങ്ങിക്കൂട്ടുമ്പോൾ ആരും ഓർക്കുന്നില്ല, അതിൽ പതിങ്ങിയിരിക്കുന്ന കെണികളെ കുറിച്ച്. വരുമാനത്തിന്റെ ഏറിയപങ്കും താൻ

സമൂഹത്തിൽ വലിയവനാണ് എന്നുകാണിക്കാൻ വേണ്ടി ചെലവഴിക്കപ്പെടുന്നു. എത്ര ചെറിയ പരിപാടികൾ പോലും ആഘോഷത്തോടെ സംഘടിപ്പിച്ചിട്ടില്ലെങ്കിൽ അതൊരു വല്ലാത്ത കുറച്ചിലാണെന്നു നാം വിശ്വസിക്കുന്നു.

വരുമാനത്തിന്റെ ഏറിയപങ്കും **താൻ** സമൂഹത്തിൽ **വലിയവനാണ്** എന്നുകാണിക്കാൻ വേണ്ടി ചെലവഴിക്കപ്പെടുന്നു.

വിവാഹം തന്നെയാണ് നമ്മുടെ നാട്ടിൽ ഏറെ പണച്ചെലവിൽ ആഡംബരപൂർണ്ണമായി സംഘടിപ്പിക്കപ്പെടുന്ന പരിപാടികളിൽ മുമ്പൻ. തന്റെ വീട്ടിലെ വിവാഹം നാലുകവലയിൽ നാലാളെക്കൊണ്ട് നാലാഴ്ച പറയിക്കത്തക്ക വിധത്തിൽ തന്നെ ആസൂത്രണം ചെയ്യുന്നു. മുതിർന്നവരുടെ അനുഗ്രഹാശിസ്സുകളോടെ വധുവും വരനും മനപ്പൊരുത്തത്തോടെ സംഗമിക്കുന്ന ദിവസം എന്നതിൽ കവിഞ്ഞ് വിവാഹം സമൂഹത്തിൽ തന്റെ നിലയും വിലയും, പ്രതാപവും സ്വാധീനവും പ്രകടമാക്കാനുള്ള അവസരമായി മാറിയിരിക്കുകയാണ്. ചുരുങ്ങിയ പക്ഷം ഒരുമന്ത്രിയേയോ രണ്ടെമ്മെല്ലെമാരെയോ 'വിവാഹമേള'യിലേക്കെത്തിക്കാൻ അവരുടെ ഒഴിവുകളനുസരിച്ച് മുഹൂർത്തം നാം മാറ്റുന്നു. നമ്മുടെ നാട്ടിൽ ഒരു വർഷം വിവാഹത്തിനുമാത്രം അൻപതിനായിരം കോടിരൂപയോളം ചിലവഴിക്കപ്പെടുന്നു എന്ന് ഈയിടെ നടന്ന ഒരു സർവ്വെ വ്യക്തമാക്കുന്നു. മാത്രമല്ല ഈ തുക ഓരോ വർഷവും ഇരുപത്തഞ്ചു ശതമാനം വീതം കൂടുകയും ചെയ്യുമത്രേ.




വമ്പൻ ഇവന്റ് മാനേജ്മെന്റ് കമ്പനികളുടെയും ബ്യൂട്ടി പാർലറുകളുടെയും നിറഞ്ഞ സാന്നിധ്യം വിവാഹവിപണിയെ കോടികളുടെ ബിസിനസ്സാക്കിമാറ്റുന്നു. "ഏറ്റവും മുന്തിയ മട്ടിൽ വിവാഹം നടത്തുകയെന്നത് ഓരോമലയാളിയുടെയും ശീലമായിരിക്കുന്നു. സമൂഹത്തിൽ തങ്ങളുടെ സ്ഥാനം പ്രദർശിപ്പിക്കാനുള്ള ഒരവസരമായി വിവാഹം മാറിയിരിക്കുന്നു"- പ്രശസ്ത മന:ശാസ്ത്രജ്ഞൻ ഡോ.എസ്.ഡി.സിങ്ങ് പറയുന്നു.

നമ്മുടെ ജന്മദിനം, ക്ഷേത്രോത്സവങ്ങൾ, മരണാനന്തരചടങ്ങുകൾ, തെരഞ്ഞെടുപ്പുകൾ, തുടങ്ങിയവയെല്ലാം ഗംഭീരമായാണ് നാം ആഘോഷിക്കുന്നത് ചെറിയ ദേവാലയങ്ങളിൽ പോലും വലിയ ഉത്സവങ്ങൾ സംഘടിപ്പിച്ച് നാം ദൈവത്തെ പ്രീതിപ്പെടുത്തുന്നു. നഗരങ്ങൾ കവിഞ്ഞ് ഗ്രാമഗ്രാമാന്തരങ്ങളിൽ പോലും പൊന്തുന്ന സ്വകാര്യ ആശുപത്രികൾ ചൂഷണം ചെയ്യുന്നത് രോഗത്തെപ്പോലും ആഘോഷിക്കാനുള്ള നമ്മുടെ വ്യഗ്രതയെയാണ്. ആത്മഹത്യകൾ പോലും ആഘോഷിക്കുവാൻ നമ്മെ പഠിപ്പിച്ചത് നമ്മൾ തന്നെ വിശ്വസിക്കുന്ന നമ്മുടെ ആദർശരഹിത രാഷ്ട്രീയ പാർട്ടികളാണെന്നതിൽ തർക്കമില്ല.

**ഉത്സവങ്ങളും ആചാരങ്ങളും** അപരനെ അസൂയ പെടുത്തും വിധത്തിൽ ഉറക്കെ തന്നെ ആഘോഷിച്ചു തീർക്കേണ്ടതാണെന്ന് മലയാളിയെ പഠിപ്പിച്ചത് കേരളത്തിലെ പ്രമുഖ മാധ്യമങ്ങൾ തന്നെയാണ്. ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥനകളും ആശംസകളും നാലാൾ കേൾക്കെ ഉറക്കെ പറയാൻ പ്രേരിപ്പിക്കുന്നതും ഇവർ തന്നെ. ഹൃദയത്തിൽ നിന്ന് സ്നേഹപൂർവ്വം കവിഞ്ഞൊഴുകുന്ന ഭാഷയുടെ പത്തുവാക്കുകൾക്ക് നൂറു രൂപയോളം വില പറയാനും

**അപേക്ഷാഫോമിൽ പൂരിപ്പിക്കപ്പെടേണ്ട കോളങ്ങളിൽ കുത്തി നിറയ്ക്കാൻ മാത്രമുള്ള രണ്ടോ മൂന്നോ പേരുകളായി നമ്മുടെ അച്ഛനും അമ്മയും വീടും മാറുന്നു.**


നിഷ്കളങ്കവും ആത്മാർത്ഥവുമായ നമ്മുടെ പ്രാർത്ഥനകളെ തങ്ങളുടെ ഇഷ്ടത്തിനുനുസരിച്ച് മാറ്റിയെഴുതാനും കൂടുതലുള്ള ഓരോ വാക്കുകൾക്കും പത്തും പതിനഞ്ചും രൂപ വീതം ആശംസിക്കുന്നവരിൽ നിന്നും ഈടാക്കാനും മാധ്യമങ്ങൾ മടിക്കുന്നില്ല. ഇത്തരം മത്സരത്തിലൂടെ സീസൺവത്ക്കരിക്കപ്പെട്ട ആഘോഷങ്ങളെ പടച്ചുവിട്ടു നമ്മെ വിഡ്ഢിവേഷം കെട്ടിക്കുന്നതിൽ ഈ മാധ്യമ മേധാവികളുടെ പങ്ക് നിസാരമല്ല.



**ആഘോഷങ്ങൾ** ഇത്രകണ്ട് ആഹ്ലാദകരമായ അനുഭൂതികളായി സാധാരണക്കാരിൽ പോലും തോന്നാനുള്ള മറ്റൊരു സുപ്രധാന കാരണം യാതൊരു വിലക്കുകളുമില്ലാതെ സ്ത്രീകൾക്കും കുട്ടികൾക്കും വരെ പരസ്യമായിത്തന്നെ മദ്യവും മറ്റു ലഹരികളും ഉപയോഗിക്കാൻ ഇത്തരം പാർട്ടികൾ ഉപകരിക്കുന്നു എന്നതാണ്. സിനിമകളിലെ ഇഷ്ടപാത്രങ്ങളെ അനുകരിക്കുകമൂലം എട്ടിലും ഒമ്പതിലുമൊക്കെ പഠിക്കുന്ന നമ്മുടെ കുഞ്ഞനുജൻമാർ മുഴുകുടിയന്മാരായി നടക്കുന്ന ദയനീയ കാഴ്ച ഇന്നൊരു നിത്യ സംഭവമായി മാറിയിരിക്കുകയാണ്. ഭർത്താവ് കുടിക്കുന്ന മദ്യത്തിന്റെ ബ്രാന്റ് നെയിമിൽ അഭിമാനിക്കുന്നവരായിരിക്കുന്നു നമ്മുടെ വീട്ടമ്മമാരിൽ ഭൂരിഭാഗവും. 'ആണുങ്ങളായാൽ ഇത്തിരിയൊക്കെ കുടിക്കണ'മെന്ന് ഇവർ പ്രോത്സാഹിപ്പിക്കുന്നു. 'കലാകാരന്മാരിൽ ഏറെ പേരും ശ്രദ്ധേയമായ സൃഷ്ടികൾ നടത്തിയത് മദ്യത്തിന്റെ ലഹരിയിലാണെ'ന്ന് നാം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു.

'കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പിനും സ്നേഹബന്ധങ്ങൾക്കും ഇത്രയേറെ പ്രാധാന്യം നൽകുന്ന മറ്റൊരു നാട് ലോകത്തിൽ വേറെയില്ല.'-കേരളത്തെക്കുറിച്ച് മറുനാട്ടുകർക്കുണ്ടായിരുന്ന ഈ അഭിപ്രായത്തിന് മാറ്റം സംഭവിച്ചിരിക്കുന്നു. പത്തും പതിനഞ്ചും കുടുംബങ്ങളായിരുന്ന തറവാടുകൾ ചിന്നിച്ചിതറി അണുകുടുംബങ്ങളായി പലതും പലവഴിക്കും പിരിഞ്ഞകന്നപ്പോൾ പിഴുതുപോയത് മനസ്സിൽ വേരുറച്ചുപോയ സ്നേഹബന്ധങ്ങളായിരുന്നു. 'തന്റേതല്ലാത്ത കാരണത്താൽ വിവാഹമോചനം നേടിയ'വരുടെ എണ്ണം കൂടിവരുന്നത് നമ്മുടെ നാട്ടിലെ ദാമ്പത്യബന്ധങ്ങളെക്കുറിച്ച് ഉറക്കെ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈഗോ പ്രശ്നങ്ങളും അഡ്ജസ്റ്റ്മെന്റ് മെന്റാലിറ്റിയുടെ കുറവും ദാമ്പത്യബന്ധത്തെ മുൾമുനയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ദാമ്പത്യം പോലും യാന്ത്രികമായ പ്രവർത്തനങ്ങളോ ആസ്വാദനം കുറഞ്ഞുപോയ നാടകങ്ങളോ ആയി മാറിയിരിക്കുന്നു.

ആധുനികനായ യുവാവിന്റെ ഓരോ സ്വഭാവത്തിനു പിന്നിലും അവന്റെ വീടിന്റെ സ്വാധീനം പ്രതിഫലിക്കുന്നു. പണ്ടത്തെ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ കുട്ടികൾക്ക് കൂട്ടുകൂടാനും കളിതമാശകൾ പറയാനും ഒത്തിരിയൊത്തിരി അവസരങ്ങളുണ്ടായിരുന്നു. അതിനാൽ മറ്റൊരാളോട് പെരുമാറേണ്ടതെങ്ങനെയെന്ന് മനസ്സിലാക്കാൻ പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് ക്യാമ്പുകളിൽ അവരെ ഇരുത്തേണ്ടി വന്നിരുന്നില്ല. സർക്കസ്സിലെ മൃഗങ്ങളെ എന്നപോലെ ഇന്നത്തെ കുട്ടികളെ നാലുപേരോടെങ്ങനെ പെരുമാറണമെന്ന് പഠിപ്പിച്ചു



**ഡേ കെയറിൽ തുടങ്ങി വൃദ്ധസദന ത്തിൽ എത്തിച്ചേരുന്ന നമ്മുടെ ജീവിതം നാം ഒറ്റയ്ക്കുതന്നെ ജീവിച്ചു തീർക്കേണ്ടി വരുന്നത് നമ്മെ അസ്വസ്ഥമാക്കുന്നു.**

കൊടുക്കേണ്ടി വരുന്നു. ഇത്തരം പാഠങ്ങളുടെ പേരിൽ തങ്ങളുടെ കുട്ടികൾ പാർട്ടികളിൽ അഭിനന്ദിക്കപ്പെടുമ്പോൾ കാണികളുടെ കയ്യടി കിട്ടിയ റിംഗ് മാസ്റ്റർമാരെപ്പോലെ നമ്മുടെ രക്ഷിതാക്കൾ സായൂജ്യമടയുന്നു.

ഡേ കെയറിൽ തുടങ്ങി വൃദ്ധസദനത്തിൽ എത്തിച്ചേരുന്ന നമ്മുടെ ജീവിതം നാം ഒറ്റയ്ക്കുതന്നെ ജീവിച്ചു തീർക്കേണ്ടി വരുന്നത് നമ്മെ അസ്വസ്ഥമാക്കുന്നു. സ്നേഹം പേക്കറ്റുകളിൽ വാങ്ങാൻ കിട്ടുന്ന പൊടികളും താരാട്ടുപാട്ടുകൾ ഓഡിയോ, വീഡിയോ കേസറ്റുകളിലെ ഡപ്പാൻ കൂത്തുകളുമായി മാറിയപ്പോൾ നമുക്കു നഷ്ടമായത് അടുത്തുനിന്ന് സ്നേഹിക്കുന്നവരുടെ ചൂടും ചൂരുമായിരിന്നു. ഉറയ്ക്കാത്ത കാലുകളുമായി പിച്ചവെച്ചു വീഴാൻ തുടങ്ങുമ്പോൾ ഓടിച്ചെന്ന് കൈ പിടിക്കാൻ പോലും നമ്മുടെ കൂടെ അമ്മയുമില്ലെന്ന സത്യം തിരിച്ചറിയുന്ന നാം ഈ അന്യതാബോധത്തോടെ പരസഹായമില്ലാതെ നടന്നു പഠിക്കുന്നു. നമ്മുടെ ഓരോ കാൽവെപ്പുകളും തനിച്ച്, സ്വന്തം ഇഷ്ടപ്രകാരം വെയ്ക്കുമ്പോൾ ആരോടും കടമകളോ കടപ്പാടുകളോ ഇല്ലാത്തവരായി നാം വളരുന്നു. ഒടുവിൽ ഇത്തരം കാൽവെപ്പുകൾ നമുക്കുവേണ്ടി മാത്രമുള്ളതായി തീരുന്നു. ഇത്തരം ഒറ്റപ്പെടലുകൾ നമ്മെ സ്വാർത്ഥരാക്കുന്നു. അപേക്ഷാഫോമിൽ പൂരിപ്പിക്കപ്പെടേണ്ട കോളങ്ങളിൽ കുത്തി നിറയ്ക്കാൻ മാത്രമുള്ള രണ്ടോ മൂന്നോ പേരുകളായി നമ്മുടെ അച്ഛനും അമ്മയും വീടും മാറുന്നു.


**ആരും നിയന്ത്രിക്കാനില്ലാത്ത അവസ്ഥയെ സൗകര്യപൂർവ്വം നാം "പൂർണ്ണ സ്വാതന്ത്രം" എന്നു വിളിച്ചു.** ഇതോടെ വീട് എന്ന നരകത്തിൽ നിന്നും കൃത്രിമ സൗന്ദര്യത്താൽ അലങ്കരിക്കപ്പെട്ട പുറം ലോകത്തെ കപട സ്വർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെട്ടു, കഥകളിലൂടെയും സിനിമകളിലൂടെയും മാത്രം അനുഭവ വേദ്യമാകുന്ന സ്നേഹത്തെ തേടി നാം യാത്രയായി. ഈ യാത്ര നമ്മെ എത്തിച്ചത് നമ്മെ നിയന്ത്രിച്ചിരുന്നവന്റെ 'നെറ്റി' ലേക്കായിരുന്നു.

ഇതോടെ നമ്മിൽ പലർക്കും സ്നേഹവും



പ്രണയവുമെല്ലാം നേരം പോക്കിനുള്ള വെറും തമാശകളായി മാറി. അപ്പോഴും നമ്മൾ ഒറ്റപ്പെടലിന്റെ വേദന അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. പിന്നീട് സ്വന്തം ജീവിതം നമ്മെ ഒറ്റപ്പെടുത്തിയവരോടുള്ള പകപോക്കലായി മാറി. നമുക്ക് കിട്ടാതെ പോയ സ്നേഹത്തിനും പരിഗണനയ്ക്കും നാം നമ്മുടെ ജീവിതം കൊണ്ടു തന്നെ കണക്കു ചോദിക്കാൻ ആഗ്രഹിച്ചു.

**തിരക്കുപിടിച്ച ലോകത്തിൽ** ഒന്നിനും നേരമില്ലാതെ തിരക്കിട്ടോടുന്ന യന്ത്രങ്ങളായി നാം മാറിയപ്പോൾ വേഗതയുടെ ത്രില്ല് നമുക്കും അനുഭവിക്കാമെന്നായി. 'ട്വൊന്റി ഫാസ്റ്റ്' സെഞ്ചുറിയിൽ ജീവിക്കുന്ന നമുക്ക് എല്ലാം ഫാസ്റ്റായി വേണമെന്ന് നിർബന്ധമായി. നമ്മൾ കൈ കാണിക്കുന്നിടത്ത് സ്റ്റോപ്പില്ലെങ്കിലും ബസ്സ് നിർത്തണമെന്നും വല്ലവിധേനയും അതിൽ കയറിക്കഴിഞ്ഞാൽ പിന്നെ നമുക്കിറങ്ങേണ്ടിടത്തെത്തും വരെ ബസ്സ് നിറുത്തരുതെന്നും നാം വാശി പിടിച്ചു. ഭക്ഷണം, വാഹനം, ഗാനം, സിനിമ, സംഭാഷണം തുടങ്ങി എല്ലാ വളരെ വേഗത്തിൽ ആവണമെന്ന് നാം നിർബന്ധം പിടിച്ചു. റോഡരികിൽ കൂൺപോലെ മുളച്ചു പൊന്തിയ ഫാസ്റ്റ് ഫുഡ് റസ്റ്റോറന്റുകളും തട്ടുകടകളും നമ്മെ ക്ഷണിക്കുന്നത് വേഗത്തിൽ (രോഗങ്ങൾ) വിളമ്പുന്ന ഭക്ഷണത്തിലേക്കാണ്. വയലാറിൽ നിന്നും നാം ജാസിഗിഫ്റ്റിലേക്കെത്തിയപ്പോൾ മലയാളി പെൺകൊടികൾക്ക് പകരം രാക്ഷസിമാരെക്കുറിച്ചാണ് നാം പാടേണ്ടത് എന്നുവന്നിരിക്കുന്നു. സമയവും സ്നേഹവും കുറഞ്ഞതുകൊണ്ടാവാം കാമുകിയോട് 'I Luv u' എന്നും 'I 4 u' എന്നും 'I m redy 2 met 2moro' എന്നുമൊക്കെ തിടുക്കപ്പെട്ട് മുറിയൻഭാഷയിൽ മെസേജ് നാം ചെയ്യുന്നത്. യാചകർപോലും




ഇന്ന് പണം ചോദിച്ച് അധികസമയം നമ്മുടെ പിറകെ വരുന്നില്ല. "വെറുതെയെന്തിന് ഈ പിശുക്കന്റെ അടുത്തുനിന്ന് തന്റെ വിലപ്പെട്ട സമയം കളയണമെന്ന്" യാചകരും ചിന്തിക്കുന്നുവോ?! ഇന്നത്തെ ഭരണപക്ഷംപോലും ഏറെ വിമർശനങ്ങൾ കേൾക്കുന്നത് ഭരണത്തിനും വികസനത്തിനും വേഗത പോരായെന്ന കാരണത്താലാണ്. തിരക്കു കാരണം കുഞ്ഞിനു താരാട്ടു പാടുന്നതും വീട്ടിൽ സമയത്തിന് കീർത്തനങ്ങൾ ആലപിക്കുന്നതും ടെലിവിഷനാണെന്നു വന്നിരിക്കുന്നു.

**അതിവേഗം ബഹുദൂരം** മുന്നിലെത്താൻ അവസാന ബസ്സിൽ കയറി ഇരിക്കുകയാണ് നമ്മുടെ സർക്കാർ. വികസനമാണ് അവരുടെ ലക്ഷ്യം. എന്നാൽ വികസനങ്ങളില്ലാതെ നമ്മുടെ നാട് പഴയപോലെ തന്നെയിരിക്കുന്നു. നാടിന്റെ പുരോഗതി ലക്ഷ്യമിട്ടുള്ള ഏതു വികസന പ്രവർത്തനത്തേയും അന്തമായി എതിർക്കുകയെന്നത് ഒരു ഫാഷനായിരിക്കുന്നു. സാധാരണക്കാരനു നാടു നശിപ്പിക്കാൻ വരുന്നവരാണ് വ്യവസായക്കാർ, രാഷ്ട്രീയക്കാർക്കാവട്ടെ തരംപോലെ പണം നൽകുന്നവരും. വികസന പ്രക്രിയയെക്കുറിച്ച് വേണ്ടരീതിയിൽ പഠിക്കാതെ താൽക്കാലികമായ രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുകയാണ് ഓരോ രാഷ്ട്രീയ-രാഷ്ട്രീയേതര സംഘടനകളും. വികസനം നാടിനുവേണ്ട എന്ന കാര്യത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയും എതിരു നിൽക്കുന്നില്ല. എന്നാൽ നാട്ടിൽ വരുന്ന വികസനങ്ങൾ നടപ്പിൽ വരുത്തേണ്ടത് തങ്ങളുടെ പാർട്ടി നേതൃത്വം നൽകുന്ന ഗവൺമെന്റായിരിക്കണമെന്ന അനാരോഗ്യകരമായ വാശിയും സ്വാർഥതയുമാണ് രാഷ്ട്രീയക്കാർക്കുള്ളത്.

**വികസന പ്രക്രിയയെക്കുറിച്ച് വേണ്ടരീതിയിൽ പഠിക്കാതെ താൽക്കാലികമായ രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുകയാണ് ഓരോ രാഷ്ട്രീയ-രാഷ്ട്രീയേതര സംഘടനകളും.**

എന്നാൽ വികസനാനന്തര പ്രദേശങ്ങളുടെ നേട്ടകോട്ടങ്ങളെ മറ്റു ഗൂഢലക്ഷണങ്ങളില്ലാതെ വേർതിരിച്ചറിയുകയും ശരിയേത് തെറ്റേത് എന്ന് വ്യക്തമാക്കുകയും ചെയ്യാൻ കഴിയുന്ന ദീർഘദൃഷ്ടിയുള്ള സാമൂഹിക പ്രവർത്തകർ ഇന്ന് വിരളമായിരിക്കുന്നു. നമ്മേയും നമ്മുടെ പ്രകൃതിയേയും നശിപ്പിക്കത്തക്ക രീതിയിലുള്ള ഏതു വികസനത്തിനും പച്ചപ്പതാക കാട്ടാൻ നാം മടികാണിക്കേണ്ടതില്ല. എന്നാൽ ഉയർന്ന ജനസാന്ദ്രതയും നാൽപതിലേറെ നദികളുടെ സാന്നിധ്യവും ഭൂമിയുടെ നിമ്നോന്നത സ്വഭാവമുള്ള കേരളത്തിൽ വികസന പ്രവർത്തനങ്ങളുടെ പരിസ്ഥിതി പ്രത്യാഘാതങ്ങളെ പറ്റി കർശനമായ ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്. കാലാവസ്ഥയിൽ അടുത്ത കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ഭൂചലനങ്ങളും കടൽക്ഷോഭങ്ങളും മറ്റും സൂചിപ്പിക്കുന്നത് ഇവിടെയും വനനവീകരണത്തിന്റെയും മറ്റും ഫലമായി പരിസ്ഥിതി പ്രത്യാഘാതങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ടെന്നാണ്.

മതികെട്ടാൻ മലയിലെ വനംകൈയ്യേറ്റം, കാസർക്കോട് ജില്ലയിലെ എന്റോസൾഫാൻ കീടനാശിനി പ്രയോഗം, പ്ലാച്ചിമടയിലെ ഭൂഗർഭ ജലശോഷണം, ആലപ്പുഴയിലെ കരിമണൽ ഖനനം, വാഗമണ്ണിലെ പുൽമേട്ടുകളുടെ നവീകരണം.... വികസനങ്ങളുടെ മറവിൽ നടക്കുന്ന പ്രകൃതി ചൂഷണത്തേയും കച്ചവടവൽക്കരണത്തേയും നാം തിരിച്ചറിയുക കൂടി ചെയ്യേണ്ടിയിരിക്കുന്നു. വിൽപനയും കച്ചവടവൽക്കരണവുമാണ് ഇന്നെവിടെയും. നമുക്കുള്ളതെല്ലാം വിറ്റുവിറ്റു നാം സുഖിച്ചുകൊണ്ടേയിരിക്കുന്നു. 'ഊണിനു മുമ്പും പടയ്ക്കു പിമ്പും' എന്നതായിരുന്നു മലയാളിയുടെ എന്നത്തേയും തത്വശാസ്ത്രം. മേലനങ്ങാതിരിക്കുന്നത് മലയാളി പ്രമാണിത്വത്തിന്റെ കൊടിയടയാളം. ജോലി ചെയ്യുന്നവനെ നിന്ദയോടെ നോക്കിക്കാണുന്നത് ദുരഭിമാനത്തിന്റെ വിളംബരം. കായികാദ്ധ്വാനം സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്കായി ഉഴിഞ്ഞുവെച്ചതാണെന്നുള്ളതു വിശ്വാസപ്രമാണം. പണിയെടുത്തു പട്ടിണി നീക്കുന്നതിലും ഭേദം പട്ടിണി കിടന്നുകൊണ്ടും "മുണ്ടു മുറുക്കിയുടുക്കുക" എന്നതാണ് നമ്മുടെ പൈതൃകം. "തവിടു തിന്നാലും തകൃതി കളയരുതെന്ന്" താത്വികഛവികൊണ്ട്





**നമ്മുടെ തെയ്യങ്ങളും കഥകളിയുമെല്ലാം അറബിക്കടൽ കടന്നു പോയിരിക്കുന്നു. വിദേശികളുടെ മുമ്പിൽ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി നമ്മുടെ കലാകാരന്മാർ അരങ്ങു തകർക്കുന്നു.**

പൈതൃകത്തെ നാം മോടി പിടിപ്പിക്കുന്നു. "കാണംവിറ്റും ഓണം ഉണ്ണണമെന്ന" മൊഴി നാം നടപ്പിൽ വരുത്തിയത് കാണസ്വത്ത് ഭദ്രമായ സ്വത്തായിരുന്ന കാലത്താണ്.

**നമ്മുടെ കലകൾ** പോലും കച്ചവടവൽക്കരിക്കപ്പെട്ട സമൂഹത്തിൽ നിന്നും പുറം തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ തെയ്യങ്ങളും കഥകളിയുമെല്ലാം അറബിക്കടൽ കടന്നു പോയിരിക്കുന്നു. വിദേശികളുടെ മുമ്പിൽ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി നമ്മുടെ കലാകാരന്മാർ അരങ്ങു തകർക്കുന്നു. നമ്മുടെ സിനിമകളും ഇന്നു പാടെ മാറിയിരിക്കുന്നു. തീർത്തും കപടമായ ഒരു ഭാഷയാണ് ഇന്ന് നമ്മുടെ സിനിമകൾ സംസാരിക്കുന്നത്. ത്രസിപ്പിക്കുന്ന സംഘട്ടനങ്ങളും ഭയാനകവും ക്രൂരവുമായ കൊലപാതകങ്ങളും അടിമുടി അശ്ലീലത്തിൽ കലർന്ന തമാശകളും വിജയകരമോ അർദ്ധവിജയകരമോ ആയ ബലാത്സംഗങ്ങളും, വിയന്നയിലോ, സ്വിറ്റ്സർലാന്റിലോ പോയി (അർദ്ധ)നഗ്നയായ നായികയുടെ നൃത്തമുള്ള പാട്ടു രംഗങ്ങളും കൂടിച്ചേർന്ന ഒന്നായി നമ്മുടെ സിനിമകൾ രൂപാന്തരം പ്രാപിച്ചിരിക്കുന്നു.

രാക്ഷസിയുടെ ഉമ്മയും എടാ പോടാ വിളികളും നമ്മുടെ പാട്ടുകൾക്ക് പുതിയ മാനങ്ങൾ ചാർത്തിയിരിക്കുന്നു. **ഇന്നു പാട്ടുകൾ കേട്ടാസ്വദിക്കാനുള്ളതല്ല, കാണാനുള്ളതാണെന്ന് വന്നിരിക്കുന്നു. കലാഭവൻ മണിയും, റിമി ടോമിയും പാട്ടുകൾ പാടുന്നത് 'കാണാനാണ'ല്ലോ നമുക്കു താല്പര്യം?** ഇന്നത്തെ ആസ്വാദകർക്ക് ഗായകർ സുന്ദരരായിരിക്കണമെന്ന് നിർബന്ധമത്രെ. "ലതാ മങ്കേഷ്കർ ആളുകളുടെ മുന്നിൽ വന്നു പാടാതിരുന്നെങ്കിൽ ശ്രീമതി കൂടുതൽ ആദരം നേടിയേനെ." എന്ന് എം. കൃഷ്ണൻ നായർ പറഞ്ഞത് സത്യമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ക്രിക്കറ്റാണ് ഇന്നു നമ്മുടെ പ്രധാന കായിക വിനോദം; മിമിക്രി, ജനപ്രിയ കലാരൂപവും.

**സൗന്ദര്യം ഒരു പ്രത്യേക തരത്തിൽ അവതരിപ്പിക്കപ്പെടുന്നതിനാൽ ലൈംഗികതയും കേവലമായ ശരീരാസ്വാദനത്തിന്റെ തലത്തിലേക്ക് ചുരുക്കപ്പെട്ടിരിക്കുന്നു. ഈ വെട്ടിച്ചുരുക്കലിന് പിൻബലം നൽകുന്ന വ്യാജവാദമാണ് വ്യക്തി സ്വാതന്ത്ര്യത്തിന്റേത്.**

**കുത്തഴിഞ്ഞ ലൈംഗികതയെ** പ്രോത്സാഹിപ്പിക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്. ഇതിൽ ഒരു പരിധി വരെ വിജയം വരിക്കാനും ഇവർക്കായിട്ടുണ്ട്. ദിനപത്രങ്ങളിൽ ഓരോ ദിവസവും തീർത്തും വ്യത്യസ്ഥങ്ങളായ പീഢന കഥകൾ വന്നുകൊണ്ടേയിരിക്കുന്നു. പെൺവാണിഭങ്ങൾ പണവും അധികാരവുമുള്ളവന്റെ മൃഗയാവിനോദവും ബിസിനസ്സുമായി മാറിയിരിക്കുന്നു. ദാരിദ്ര്യം, ജോലി, ഫാഷൻതരംഗം, അഭിനയമോഹം, പ്രണയം, വിവാഹ വാഗ്ദാനം, പ്രശസ്തിയോടുള്ള ആഗ്രഹം, കേവലം ഒരു ഐസ്ക്രീം എന്നിങ്ങനെ നമ്മുടെ നാട്ടിലെ ഓരോ പെൺകുട്ടിയേയും വളച്ചൊടിക്കാനാവുമെന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. സൗന്ദര്യം ഒരു പ്രത്യേക തരത്തിൽ അവതരിപ്പിക്കപ്പെടുന്നതിനാൽ ലൈംഗികതയും കേവലമായ ശരീരാസ്വാദനത്തിന്റെ തലത്തിലേക്ക് ചുരുക്കപ്പെട്ടിരിക്കുന്നു. ഈ വെട്ടിച്ചുരുക്കലിന് പിൻബലം നൽകുന്ന വ്യാജവാദമാണ് വ്യക്തി സ്വാതന്ത്ര്യത്തിന്റേത്. ലൈംഗികതയുടെ ദുരുപയോഗം മൂലം നശിച്ചുപോയ നാഗരികതകളുടെ ചരിത്രം മറ്റാരേക്കാളും നമുക്ക് നന്നായറിയാം. സൗന്ദര്യത്തേയും ലൈംഗികതയേയും സങ്കുചിതമായി നിർവ്വചിക്കുന്ന പ്രചാരണങ്ങൾ ശക്തമാണ്. "സൗന്ദര്യറാണിമാർ" ഒരേ സമയം കോർപ്പറേറ്റ് ഉൽപന്നങ്ങളുടെ ബ്രാന്റ് അമ്പാസിഡർമാരും ലൈംഗിക പൂർണ്ണതയുടെ മാതൃകകളും സംസ്കാര ചിഹ്നങ്ങളുമാകുന്നത് അപ്രകാരമാണ്. മനുഷ്യനെ ശരീരമായും ശരീരത്തെ ഭോഗോൽപന്നമായും ഭോഗത്തെ സംസ്കാരമായും പരിവർത്തനം ചെയ്തിരിക്കുന്നു നാം. കുറച്ചു കാലം വരെ പ്രായപൂർത്തിയായ പെൺകുട്ടികൾ സമയമായിട്ടും വീട്ടിൽ തിരിച്ചെത്താത്തതിനെ കുറിച്ചോർത്തായിരുന്നു നമ്മുടെ വേവലാതി. ഇന്നാകട്ടെ വീട്ടിൽ തന്നെയുള്ള കൊച്ചു പെൺകുട്ടികളെ കുറിച്ചു പോലും നാം





**“സൗന്ദര്യറാണിമാർ” ഒരേ സമയം കോർപ്പറേറ്റ് ഉൽപന്നങ്ങളുടെ ബ്രാന്റ് അമ്പാസിഡർമാരും ലൈംഗിക പൂർണ്ണതയുടെ മാതൃകകളും സംസ്കാര ചിഹ്നങ്ങളുമാകുന്നത് അപ്രകാരമാണ്.**


വ്യാകുലരാകുന്നു. ലൈഗികത ഇത്രകണ്ട് വിപുലമായ ഇക്കാലത്ത് മാർക്കറ്റിൽ കൂടുതൽ വില ഇളം മാംസത്തിന് അതായത് ചെറിയ പെൺകുട്ടികൾക്കാണ് എന്ന് ശ്രീമതി മീനാക്ഷി തമ്പൻ പറയുന്നു.

ഫ്രീ സെക്സ് ഇന്ന് ഫാഷന്റെയും പരിഷ്കാരത്തിന്റെയും സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും പ്രതീകമായിരിക്കുന്നു. സെക്സ് ഇത്രകണ്ട് വ്യാപകമാകാൻ കാരണം രാഷ്ട്രീയക്കാരുടെ വ്യക്തി മൂല്യങ്ങൾക്കേറ്റ അപചയമാണ്. ഇന്നത്തെ രാഷ്ട്രീയക്കാർ പണക്കാരോ ക്രിമിനലുകളോ ആയിരിക്കുന്നു. ക്രിമിനൽ സംഭവങ്ങളുമായി രാഷ്ട്രീയക്കാർക്കുള്ള ബന്ധത്തെ പറ്റി പഠിക്കുന്നതിന് 1993 ജൂലൈയിൽ കേന്ദ്ര സർക്കാർ നിയമിച്ച വോറ കമ്മറ്റി രണ്ടു കൊല്ലമെടുത്ത് പ്രശ്നം വിശദമായി പഠിച്ച ശേഷം 1995 ഓഗസ്റ്റിൽ അതിന്റെ റിപ്പോർട്ട് പാർലമെന്റിന് സമർപ്പിക്കുകയുണ്ടായി.

**ക്രിമിനൽ മാഫിയ** രാജ്യത്ത് സമാന്തര ഭരണം തന്നെ നടത്തുന്നുണ്ടെന്ന ഞെട്ടിപ്പിക്കുന്ന വസ്തുതയാണ് സമിതി പുറത്തുകൊണ്ടുവന്നത്. കൊച്ചുകൊച്ചു മോഷണങ്ങളും വേശ്യാലയനടത്തിപ്പുമായി പണം നേടിത്തുടങ്ങുന്ന പ്രാദേശിക തട്ടിപ്പുകാർ സമ്പന്നരാകുന്നതോടെ ഉദ്യോഗസ്ഥരേയും രാഷ്ട്രീയക്കാരേയും കയ്യിലെടുത്ത് സമാന്തര ഭരണം നടത്തുന്ന സിന്റിക്കേറ്റുകളാവുന്ന കള്ളന്മാരും തെമ്മാടികളും ഭരണത്തെ സ്വാധീനിക്കുന്ന കൊടുംവിപത്തിലേക്കാണ് വോറ സമിതി വിരൽ ചൂണ്ടിയതെങ്കിൽ തുടർന്നുണ്ടായത് അതിലും വലിയ ദുരന്തമാണ്. രാഷ്ട്രീയക്കാരെ സ്വാധീനിച്ച് കാര്യം നേടുന്നതിനു പകരം ക്രിമിനലുകൾ സ്വയം തന്നെ മത്സരിച്ച് നിയമസാമാജികരും മന്ത്രിമാരുമൊക്കെയായി തുടങ്ങുന്നു. വോറ സമിതി പുറത്തുകൊണ്ടുവന്ന തിക്ത സത്യങ്ങൾക്കുനേരെ കണ്ണടച്ചുകൊണ്ട് സ്വയം തിരുത്താൻ രാഷ്ട്രീയ വർഗ്ഗം മടിച്ചു നിന്നതാണ് കാര്യങ്ങൾ പിന്നെയും വഷളാക്കിയത്. രാഷ്ട്രീയക്കാരുടെ എല്ലാ തോന്നിവാസങ്ങളും സഹനത്തിന്റെ പരിധികൾ ലംഘിച്ചാൽ സമ്മതിദായകരായ സാധാരണക്കാർ തന്നെ നിയമം കയ്യിലെടുക്കുന്ന അവസ്ഥയിലേക്കാണ് നമ്മുടെ രാഷ്ട്രീയരംഗം നയിക്കപ്പെട്ടത്. കുത്തകകൾക്കുവേണ്ടി അവരുടെ ഏജന്റുമാർ നടത്തുന്ന സ്വാർത്ഥികളുടെ ഭരണമായി ജനാധിപത്യം അധ:പതിക്കുന്നേടത്ത് കഷ്ടകാലം തുടങ്ങുന്നു. ഏതാനും പേരുടയല്ല, നാടിന്റെ തന്നെ.

നമ്മുടെ നാട്ടിൽ ക്രിമിനലുകളുടെ എണ്ണം ദിനം പ്രതി കൂടിവരുന്നു. രാഷ്ട്രീയ പ്രവർത്തകർ തന്നെ തങ്ങളുടെ ആവശ്യങ്ങളെ നിറവേറ്റാൻ ക്രിമിനലുകളെ 'വേണ്ടത്' കൊടുത്ത് താലോലിച്ച് വളർത്തുന്നു. മാനവികതയും ധാർമ്മികതയും അധികാര രാഷ്ട്രീയത്തിന്റെ മർദ്ദനത്തിന് വിധേയമാകുമ്പോൾ മതേതര ശക്തികളും പ്രസ്ഥാനങ്ങളും വേണ്ടത്ര ജാഗരൂഗത പുലർത്തുന്നില്ല. കാറ്റിനൊത്ത് നാവ് ചലിപ്പിക്കുന്ന രാഷ്ട്രീയ നേതാക്കളെ കണ്ണുമടച്ച് വിശ്വസിച്ച് നാം അവരുടെ കയ്യിലുള്ള ചരടിലെ പാവകളായി തുള്ളുന്നു. വേരുകൾ ചീഞ്ഞ ജനായത്തത്തിന്റെ രോഗ ലക്ഷണങ്ങൾ മാരകമായ രോഗങ്ങൾ തന്നെയായി തീർന്നിരിക്കുന്നു. സാമുദായിക ലഹളകളിലും പരിസ്ഥിതി നാശത്തിലും അഴിമതികളിലും ഒരു പോലെ പ്രതിഫലിക്കുന്നത് ഈ അടിസ്ഥാനപരമായ രോഗമാണ്.

**എന്റെ മതം, എന്റെ ജാതി, എന്റെ പ്രദേശം, എന്റെ വർഗം, എന്റെ പാർട്ടി, എന്റെ കുടുംബം എന്നീ ചിന്തകൾക്കൊടുവിൽ 'ഞാൻ എനിക്ക് വേണ്ടി മാത്രം' എന്ന രീതിയിലാണ് നമ്മിൽ പലരും.** ഇവിടുത്തെ വർഗീയ ഫാസിസ്റ്റ് സംഘടനകളുടെ അത്യന്തിക ലക്ഷ്യം ഭൂരിപക്ഷ ജനവിഭാഗത്തിന്റെ മനസ്സിൽ വർഗീയ വികാരം വളർത്തി അധികാരം കയ്യിലെടുക്കുക എന്നതാകുന്നു. പക്ഷേ മഹാ




**കുത്തകകൾക്കുവേണ്ടി അവരുടെ ഏജന്റുമാർ നടത്തുന്ന സ്വാർത്ഥികളുടെ ഭരണമായി ജനാധിപത്യം അധ:പതിക്കുന്നേടത്ത് കഷ്ടകാലം തുടങ്ങുന്നു. ഏതാനും പേരുടയല്ല, നാടിന്റെ തന്നെ.**



ഭൂരിപക്ഷം പേരും ആഗ്രഹിക്കുന്നത് നമ്മുടെ നാട് മതേതരത്വത്തിന്റെ മാതൃകയാ
തന്നെ നിലനിൽക്കാനാണ്. ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും ഒ
പോലെ എതിർക്കപ്പെടേണ്ടതാണ്. വർഗ്ഗീയതക്ക് പൊതുവിൽ വളവും വെള്ള
ലഭിക്കുന്നത് ചരിത്രത്തിൽ നിന്നുമാണ്. നമ്മുടെ നാട്ടിലും തുടർന്നുകൊണ്ടിരി
ന്നത് വർഗ്ഗാവബോധത്തെ വികസിപ്പിക്കുന്നതിനു പകരം ചരിത്രത്തെ വർഗ്ഗ
ഐക്യം ഉണ്ടാക്കാനുള്ള ഉപാദിയാക്കി മാറ്റുന്ന അനുഭവമാണ്. 'സംഹാരകനെ ര
കനെന്ന് വിളിക്കുന്നതാണ് അധിനിവേശത്തിന്റെ ഭാഷ; സൈനികവത്കരണ
അത് ദേശസ്നേഹമെന്നും വിളിക്കും. കളിക്കോപ്പുകൾ ആയുധങ്ങളായി മാറുമ്പോ
ആയുധങ്ങൾ കളിക്കോപ്പുകളാകും. ബോധി വൃക്ഷങ്ങൾ ശ്വസിക്കുന്നത് ദുഷിച്ച അ
രീക്ഷമാണെങ്കിൽ അവയ്ക്കുമേലുണ്ടാകുന്നതും വിഷകനികൾ തന്നെ'.

**സർവ്വ മതങ്ങളും സഹിഷ്ണുതയെ വാഴ്ത്തുകയും സ്നേഹത്തെ പുകഴ്ത
കയും പരസ്പരം ആദരവ് പങ്കുവെക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്ത
പോലും ഒരു മതം മറ്റൊരു മതത്തിന് ഭീഷണിയാകുന്നു. ഇതിനുള്ള കാരണ
സ്പഷ്ടമാണ്. മതങ്ങളേക്കാൾ ആൾദൈവങ്ങളും ദൈവങ്ങളേക്കാൾ
നേതാക്കളും വളർന്നിരിക്കുന്നു. കൂടാതെ പലർക്കും ഇന്ന് മതം വെറും ഒരു
മാത്രമാണ്. ദൈവം ഏറ്റവും വലിയ ചൂഷണോപാദിയും, ആരാധനകളും അ
നകളും അർത്ഥവും അധികാരവും ആർച്ചിക്കാനുള്ള കുറുക്കുവഴികളുമാ
അവർക്ക്. ഏറെ പേർക്കും ആവശ്യം തങ്ങളുടെ കളവിനും ചതിക്കും, കൊലക
കൊള്ളക്കും, കള്ളത്തരങ്ങൾക്കും കൊള്ളരുതായ്മക്കും കൂട്ടുനിൽക്കുന്ന ക
ദൈവങ്ങളെയാണ്. മതങ്ങളുടെ സ്വാധീനം മുമ്പത്തെക്കാളും നമ്മുടെ കാല
ത്തിൽ ശക്തിയാർജ്ജിച്ചിരിക്കുന്നു. വ്യാവസായിക വിപ്ലവത്തിന്റെ പളപളപ്പ
'ദൈവം മരിച്ചു' എന്ന് വീമ്പിളക്കിയ യൂറോപ്പിലും, ഒക്ടോബർ വിപ്ലവത്തി
ലഹരിയിൽ മതം കറുപ്പാ(OPIUM) ണെന്ന് തട്ടിവിട്ട റഷ്യയിലും ഇപ്പോൾ വി
സികളുടെ എണ്ണം കൂടുന്നു. അപ്പം കൊണ്ട് മാത്രം മനുഷ്യനു ജീവിക്കാൻ സാ
മല്ലെന്ന് അവർ തിരിച്ചറിഞ്ഞുവോ? അതോ ആൾദൈവസംസ്കാരങ്ങൾ പുത
വല്ല കറുപ്പുകച്ചവടങ്ങൾക്കും ഉപകരിക്കുമെന്ന് അവർ കണ്ടെത്തിയോ?**

മതം എന്നത് കുറെ ആചാരാനുഷ്ടാനങ്ങളും, വിചിത്രമായ വിശ്വാസ സങ്ക
ങ്ങളും മാത്രമാണെങ്കിൽ മതങ്ങൾക്കെങ്ങനെ മനുഷ്യനെ നന്നാക്കാനാവും? പു
ഹിതന്മാർക്ക് ഉപജീവനമാർഗ്ഗവും പണക്കൊതിയന്മാർക്ക് ലാഭകരമായ വ്യവസായ
വികാര ജീവികൾക്ക് ഭ്രാന്തമായ ഒരു ആവേശവുമാണ് മതമെങ്കിൽ അത്തരം




ങ്ങൾക്ക് എങ്ങുനെ നന്മയുണ്ടാക്കാനാകും? കേവലമായ ആചാരാനുഷ്ടാനങ്ങളിലും വേഷഭൂഷാദികളിലുമല്ല, മതഭക്തി. മറിച്ച്, ജീവിതത്തിന്റെ ബഹുമുഖ മേഖലകളിൽ പുലർത്തുന്ന ആദർശനിഷ്ടയിലും മുറുകെ പിടിക്കുന്ന മൂല്യബോധത്തിലുമാണ്. അവയിൽ ഏറ്റവും ശ്രദ്ധേയമായത് സാമ്പത്തിക രംഗമത്രെ. ദയാമസൃണമായ ഹൃദയം, സ്നേഹനിർഭരമായ മനസ്സ്, ശാന്തിബന്ധുരമായ ആത്മാവ് .... ഇവയൊക്കെ കൊണ്ടാണ് മതങ്ങളെ ധന്യമാക്കേണ്ടത് എന്ന് തിരിച്ചറിയാൻ നാം ഇനിയും വൈകുന്നതെന്ത്? കേരളം, ദൈവത്തിന്റെ നാടല്ല ആൾദൈവങ്ങളുടെ നാടായി വികാസം പ്രാപിച്ചിരിക്കുന്നു. ദേവസ്വം ബോർഡുകളും, പള്ളികമ്മിറ്റികളും ധനശേഖരണ സ്ഥാപനങ്ങളായ് വളർന്നപ്പോൾ പ്രസാദങ്ങളും ബർക്കത്തുകളും വിൽപനച്ചരക്കായി മാറി. ആരാധനാലയങ്ങളുടെ മഹാത്മ്യങ്ങൾ പരസ്യ വാചകങ്ങളുമായി.

ദൈവങ്ങൾ പോലും നിസ്സഹരായ തങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെന്നുവന്നപ്പോൾ നമ്മുടെ അന്ത്യപ്രത്യാശ നഷ്ടമായെന്നുതോന്നുന്നു. അന്തമില്ലാത്ത മത്സരയോട്ടത്തിൽ കാലിടറിവീഴുന്ന നാം എത്തിച്ചേരുന്നത് ആളൊഴിഞ്ഞ റെയിൽ പാളങ്ങളിലോ, കുത്തിയൊലിക്കുന്ന പുഴയോരത്തോ. മുറുകിവലിയുന്ന ഒരു മുഴം കയറിലോ ആണല്ലോ. നമുക്കിടെ നാട്ടിലെ ആത്മഹത്യാനിരക്കുകൾ സൂചിപ്പിക്കുന്നത് ഇതാണ്. ഒരിക്കലെങ്കിലും ആത്മഹത്യക്ക് ശ്രമിച്ചിട്ടില്ലാത്തവരയോ കൊതിച്ചിട്ടില്ലാത്തവരയോ കണ്ടെത്തണമെങ്കിൽ മഷിയിട്ട് നോക്കേണ്ടിവരും. കഴിഞ്ഞ ഏഴുവർഷമായി ഏറ്റവും കൂടിയ ആത്മഹത്യാനിരക്കിനുള്ള ദേശീയകപ്പ് നമ്മൾ കേരളക്കാർ തന്നെ മുടങ്ങാതെ നേടുന്നു. ഗൗരവമേറിയ കാര്യമെന്തെന്ന് വെച്ചാൽ, ആത്മഹത്യചെയ്യുന്നവരിൽ 37.6 പേരും 15-29ന് ഇടക്ക് പ്രായമുള്ളവരണെന്നതാണ്.

**ജീവിതം സ്വപ്നമാണെന്നും അടിച്ച് പൊളിക്കാനുള്ള ഉത്സവമാണെന്നുമുള്ള അന്ധവിശ്വാസത്താൽ ആഘോഷപൂർവ്വം കഴിഞ്ഞ് കൂടുകയും ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യവുമായി കൂട്ടിമുട്ടുമ്പോഴാണ് നമ്മിൽ പലരും ആത്മഹത്യയെ ഒരു രക്ഷാമാർഗ്ഗമായി സ്വീകരിക്കുന്നത്. ടെൻഷനുകളും അപമാനഭാരവും, കടങ്ങളുമൊക്കെയാണ് നമ്മളിൽ പലരേയും ആത്മഹത്യയിൽ എത്തിക്കുന്നത്. ഇന്ന് നമ്മുടെ നാട്ടിൽ കൂട്ട ആത്മഹത്യകൾ പെരുകി കൊണ്ടിക്കുന്നു.**

"**Every suicide** could well be an accusation against the living. But every mass suicide is a sure charge - sheet against the society" "A suicide is double irony. It kills the killer, and a killer is the victim. It is a double tragedy too. It is meant to be a



അന്യനെ അവിശ്വസിക്കുന്നവരും അപരന്റെ നൻമയിൽ വ
സനിക്കുന്നവരും ആക്കിത്തീർത്തിരിക്കുന്നു. മണിയോഡ
സാമ്പത്തികം (ഗൾഫ് പണം) നമ്മെ തീർത്തും അലസര
ക്കിയിരിക്കുന്നു.

ഇവിടെ നമ്മെ സ്വയം കണ്ടെത്തിയേ തീരൂ. നാം എവി
നിന്നു വരുന്നു? ഇന്നു എവിടെ എത്തി നിൽക്കുന്നു? ഇ
ഇവിടെ എത്തിച്ചേരുമെന്ന ചോദ്യത്തിനു നാം നിർബന്
മായും ഇത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രവാചകൻമാരു
അവതാരപുരുഷൻമാരും ഇനി ഭൂജാതരാകില്ലെന്നും ഭൂജാ
രായാൽത്തന്നെയും അവരെക്കൊണ്ടിനി ഈ നാടിനെ നന്ന
ക്കാനാവില്ലെന്നും ഇന്നത്തെ യുവാൾക്കറിയാം. സ്വയം തി
ച്ചറിഞ്ഞ് രാഷ്ട്രപുരോഗതിക്കും വ്യക്തിത്വവികസനത്തിനു
മുൻതൂക്കം നൽകി ഇവരെ വാർത്തെടുക്കാനാണ് സംസ്കാ
രിക രാഷ്ട്രീയ-സാമൂഹിക-മതനേതൃത്വങ്ങൾ ശ്രമിക്കേണ്
ത്; ശ്രദ്ധിക്കേണ്ടതും. ഇല്ലായെങ്കിൽ തോന്നിയപോലെ ജീവിച്
ആരെയും കൂസാതെ നിയമലംഘനം നടത്തി മൃഗത്തേക്കാ
അധഃപതിച്ച് ഒടുവിലൊടുവിൽ മാരകരോഗങ്ങൾ മനസിലു
ശരീരത്തിലും ഒരു പോലെ പേറി നമ്മുടെ നാടിന്റെ യുവത്വ
മരക്കൊമ്പുകളിലെ തുണ്ടുകയറുകളിൽ നമ്മെ പേടിപ്പെ
ടുത്തും വിധം തുറിച്ചു നോക്കിയാടുന്ന കാഴ്ചകൾ ഇനിയു
കാണേണ്ടി വരും. തിരിച്ചറിവുള്ള പൗരന്മാരെ സൃഷ്ടിക്കാ
നമുക്ക് എല്ലാ അതിർവരമ്പുകളും പൊളിച്ചെറിഞ്ഞ് വിപ്ല
മുദ്രാവാക്യവുമായി കൈകോർക്കാം. വീണ്ടെടുത്ത ആത്മ
ഭിമാനത്തോടെ നമുക്കൊന്നിച്ചു വിളിക്കാം: "ഭാരത മാതാ..
കീ...... ജയ് !"

voilent, least desirable end to suffering while it may well turned out to be the begining. It is a problem greater than any other it may be ment to solve "(mean time feb: 21 march 6, 2003)

പ്രണയത്തെത്തുടർന്നുള്ള ആത്മഹത്യകൾ കുറഞ്ഞിരിക്കുന്നുവെന്നു സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നു. ഓരോ ആത്മഹത്യയോടൊപ്പവും ചുരുങ്ങിയപക്ഷം ഒരു കൊലപാതകമെങ്കിലും സംഭവിക്കുന്നു. അച്ഛനുമമ്മയും വിഷം കഴിക്കാൻ തീരുമാനിച്ചാൽ അവരാദ്യം സ്വന്തം മക്കളുടെ ജീവൻ കളഞ്ഞിട്ടേ സ്വയം മരണം വരിക്കൂ. കൂട്ട ആത്മഹത്യകളിൽ സംഭവിക്കുന്ന ഇത്തരം മരണങ്ങൾ നമ്മെ ഒരു കാര്യം ബോധ്യപ്പെടുത്തുന്നു, നമുക്ക് പരസ്പരം വിശ്വാസം നഷ്ടമായിരിക്കുന്നു. നമ്മുടെ മരണശേഷം കുട്ടികൾ അനാഥമാകുമെന്ന് രക്ഷിതാക്കൾ ഭയക്കുന്നു. നമ്മുടെ സാമൂഹ്യ വ്യവസ്ഥയിൽ വന്ന മാറ്റം തീർത്തും പ്രതിഫലിക്കത്തക്കതായിരിക്കുന്നു വർദ്ധിച്ചുവരുന്ന ഇത്തരം ആത്മഹത്യകൾ.

നമ്മെ നിഷ്ക്രിയരും അസ്വസ്ഥരും നിരാശരുമാക്കിത്തീർക്കുന്നതിൽ കോർപ്പറേറ്റ് സ്ഥാപനങ്ങൾ അവർ വിചാരിച്ചതിലും വളരെ വേഗത്തിൽ വിജയിച്ചിരിക്കുന്നു. ആഗോളവത്കരണവും ഉദാരവത്കരണവും സ്വകാര്യവത്കരണവും നമ്മെ സ്വയം കണ്ടത്താൻ പോലും കഴിയാത്ത വിധം മാറ്റിത്തീർത്തിരിക്കുന്നു. സാംസ്കാരികാധിനിവേശത്തിൽ നാം സൗകര്യപൂർവം അടക്കം ചെയ്ത നമ്മുടെ മഹത്തായ സംസ്കാരം ഒരു ഫോസിലും അവശേഷിപ്പിക്കാതെ ജീർണ്ണിച്ചു കൊണ്ടിരിക്കുന്നുവെന്ന പച്ചപരമാർത്ഥം നാം ഇനിയും മനസ്സിലാക്കാൻ വൈകിക്കൂടാ. അഴിമതിയും ഭോഗാസക്തിയും നിറഞ്ഞ നമ്മുടെ പൊതുജീവിതം

